




# എസ് റ്റി എച്ച് എസ് എസ് ഇരട്ടയാർ

## ഡിജിറ്റൽ മാഗസിൻ :--ലിറ്റിൽ കൈറ്റ് സംരംഭം

## സമർപ്പണം

അപ്രതീക്ഷിതമായി  കടന്നെത്തിയ മഹാപ്രളയം മലനാടിന്റെ  മധുരസ്വപ്നങ്ങളെ തൂത്തെറിഞ്ഞു കടന്നു പോയപ്പോൾ കേരളസമൂഹത്തിന് നഷ്ടമായത് സ്വന്തം കൂടപ്പിറപ്പുകളെ മാത്രമല്ല പതിറ്റാണ്ടുകൾ കൊണ്ട് നെയ്തെടുത്ത ജീവിതത്തിന്റെ ഊടും പാവുമാണ്. വെള്ളപ്പൊക്കമായും ഉരുൾപ്പൊട്ടലായും മലവെള്ളപ്പാച്ചിലായുമൊക്കെ വേഷപ്പകർച്ചകൾ കെട്ടിയാടിയ പ്രകൃതിയുടെ രൗദ്രഭാവം അരങ്ങിൽ നിന്നും അണിയറയിലേക്കു ചുവടുമാറ്റും മുമ്പ് ഈ ക്രൂര താണ്ഡവത്തിൽ അടിതെറ്റി വീണവരും നിലയറ്റുപോയവരും അതിജീവിച്ചവരും നിരവധിയാണ്. പ്രളയച്ചൂടിൽ ഉരുകിപ്പോയ പ്രിയ സഹോദരങ്ങൾക്കും  അവരുടെ പ്രിയപ്പെട്ടവർക്കും വേദന ഒരു കനലായി ഉള്ളിൽ അതിജീവനത്തിന്റെ പുതിയ തുരുത്തുകൾ തേടുന്ന പതിനായിരങ്ങൾക്കുമായി ലിറ്റിൽ കൈറ്റ്സിന്റെ 'അസ്ത്ര' സമർപ്പിക്കുന്നു.



## എഡിറ്റോറിയൽ

പ്രിയമുള്ളവരെ,

മാനത്ത് മിന്നിമറയുന്ന നക്ഷത്രങ്ങൾ, ആഴക്കടലിന്റെ നീലിമ..................................

അങ്ങനെ വിവര വിനിമയ സാങ്കേതികവിദ്യ സമ്മാനിക്കുന്നത് അത്ഭുതങ്ങളും അടങ്ങാത്ത ആകാംക്ഷയുമാണ്...............

അനന്തവിഹായുസിന്റെ അജ്ഞതയിലേക്കുള്ള എത്തിനോട്ടവും വരും തലമുറയുടെ ഒരായിരം സ്വപ്നങ്ങളും ഈ ഡിജിറ്റൽ മാഗസിനിലൂടെ ഞങ്ങൾ സമ്മാനിക്കുന്നു.

## കർട്ടന പിന്നിൽ

1. അശ്വിൻദേവ് എസ് നമ്പൂതിരി(ചീഫ് എഡിറ്റർ)
2. ജെഫിൻ ജെയിംസ്
3. കീർത്തന സാബു
4. അക്ഷര സജി
5. ആദിത്യ രവി
6. ജോതിഷ് ജോമോൻ
7. ശ്രേയ ദിലീപ്
8. അഡോൺ ജോസഫ്
9. മിലൻ മരിയ സജി
10. എയ്മൽ ജിനോയി



# ആശംസ



ഇരട്ടയാർ സെന്റ് തോമസ് ഹൈസ്കൂൾ വിഭാഗം ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ "അസ്ത്ര" എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിയുന്നതിൽ സന്തോഷം. വിവര സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നമ്മുടെ കുട്ടികളെ ഏറ്റവും മികവുള്ളവരാക്കിത്തീർക്കാൻ "ലിറ്റിൽ കൈറ്റ്സ്" ക്ലബ്ബിനു സാധിക്കുന്നു. കുട്ടികളുടെ സർഗശേഷിയും നൈപുണികളും വർദ്ധമാനമാനതിനായി പ്രസിദ്ധീകരിക്കുന്ന"അസ്ത്ര"യ്ക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ജോർജുക്കുട്ടി എം. വി

ഹെഡ്മാസ്റ്റർ

# ആശംസ

ഇരട്ടയാർ സെന്റ് തോമസ് ഹൈസ്കൂളിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' ക്ലബ്ബിലൂടെ ആധുനിക വിവര സാങ്കതിക വിദ്യയുമായി പരിചയപ്പെടുന്നതിനും പ്രാവീണ്യമുള്ളവരാകുന്നതിനും ഈ സ്കൂളിലെ ക്ലബ്ബ് അംഗങ്ങൾക്കു സാധിക്കുന്നു. ആധുനിക കാലഘട്ടത്തിലെ മാറുന്ന സാങ്കേതിക പ്രവണതകളെ വേഗത്തിൽ സ്വായത്തമാക്കാൻ ഇതിലൂടെ കുട്ടികൾക്ക് കഴിയുന്നു. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയാറാക്കുന്ന "അസ്ത്ര "ഡിജിറ്റൽ മാസികയ്ക്ക് ആശംസകൾ നേരുന്നു.

ഷൈനി ജേക്കബ്

സീനിയർ അസിസ്റ്റന്റ്

## ആശംസ

സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂളിന്റെ വളർച്ചാഗ്രാഫ് ഇന്നുവരെ ഉയരങ്ങളിലേക്കാണ്. വളർച്ചയുടെ നാൾ വഴികളിൽ 56-ാം വർഷം രേഖപ്പെടുത്തുമ്പോൾ ഏറെ അഭിമാനമുണ്ട് , അതിലേറെ കൃതാർത്ഥതയുമുണ്ട്. തിരിച്ചറിവിനും തിരിഞ്ഞു നോട്ടത്തിനും തിരുത്തലിനും വിധേയമാക്കാൻ ഒരോ വർഷത്തേയും സ്കൂൾ പ്രവർത്തനങ്ങൾ അവസരമൊരുക്കുന്നു. അതോടൊപ്പം നമ്മുടെ കുരുന്നുകളുടെ ഭാവന **"അസ്ത്ര"** യുടെ വിടർന്ന താളുകളിൽ ആനന്ദ നൃത്തമാടുമ്പോൾ അത് വിജയത്തിന്റെ പടവുകൾ താണ്ടുകയായി. ഇനിയും ഇതുപോലെ ഈ സംരംഭങ്ങൾ കുട്ടികളെ വീറോടെ മുന്നേറുവാൻ സഹായിക്കട്ടെ എന്നാശംസിച്ചുകൊണ്ട്

പ്രാർത്ഥനാശംസകളോടെ,

ബിന്ദു മോൾ ജോസഫ്

(ലിറ്റിൽ കൈറ്റ് മാസ്റ്റർ)

# ആമുഖം

പാഠപുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്ന കേവലമായ അറിവുകൾക്കപ്പുറം അധ്യാപകന്റെയും വിദ്യാർഥിയുടെയും സജീവപങ്കാളിത്തത്തോടെ വിവരവിനിമയ സാങ്കേതികവിദ്യയുടെ സങ്കേതങ്ങളും ഫലപ്രദമായി ഉപയോഗിക്കാൻ വൈദഗ്ധ്യവും അഭിരുചിയുള്ള ഒരു തലമുറയെ വാർത്തെടുക്കേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

വിവര വിനിമയ സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും നടപ്പിലാക്കുന്നതിനുവേണ്ടിയാണ് ഹൈടെക് പദ്ധതി പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിരിക്കുന്നത്. അതുവഴിസാങ്കേതികരംഗത്തെ വിവിധ മേഖലയിലുള്ള അടിസ്ഥാന നൈപുണികൾ കുട്ടികൾ പരിചയപ്പെടുകയും ഓരോ കുട്ടിക്കും തനിക്ക് യോജിച്ച മേഖലയിൽ താല്പര്യം ജനിപ്പിക്കുന്നതിനും ലിറ്റിൽ കൈറ്റ്സ് പോലുള്ള കുട്ടികളുടെ ഹൈടെക് കൂട്ടായ്മ വളരെയധികം പങ്കു വഹിക്കുന്നു. കഥ, കവിത, ലേഖനങ്ങൾ ,കാർട്ടൂണുകൾ ചിത്രങ്ങൾ തുടങ്ങി കുട്ടികളുടെ വിവിധ സർഗശേഷികൾ ഉൾപ്പെടുത്തി തയ്യാറാക്കിയിരിക്കുന്ന ഈ ഡിജിറ്റൽ മാഗസിൻ നൂതന സാങ്കതിക വിദ്യാലോകത്തേയ്ക്ക് വിദ്യാർഥികളെ കൈപിടിച്ചുയർത്തുമെന്നു നമുക്കു പ്രത്യാശിക്കാം. അങ്ങനെ സാങ്കതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ സാധിക്കട്ടെ.

# ഇതളുകൾ വിരിയുമ്പോൾ


ആശംസ.....5
.....5
സമൂഹ മാധ്യമങ്ങൾ.....12
(Social Media).....12
പ്രവേശനോൽസവം-----2018.....13
ഡിജിറ്റൽ പെയിന്റിങ്.....15
വേദഗണിത വിശേഷം.....18
പ്രളയബാധിതർക്ക്ഇരട്ടയാർ സ്കൂളിന്റെ കൈത്താങ്ങ്.....20
പുസ്തകത്തിലെ പ്രണയം.....21
വായനാദാനം ജൂൺ 19.....22
ADORN OF MY LIFE.....23
ക്വിസ്സ്.....27
സെന്റ് തോമസ് എച്ച് എസ് എസ് "ലിറ്റിൽ കൈറ്റ് അംഗങ്ങൾ" സ്കൂൾ മാനേജർ, ഹെഡ്മാസ്റ്റർ പരിശീലകർ എന്നിവരോടൊപ്പം.....28
സൈബർ വിപത്തിനെതിരെ ഇരട്ടയാർ.....29
സെന്റ് തോമസ്.....29
കുസൃതിക്കാരൻ നന്നായി.....30
അവൾ നിത്യ സാമീപ്യമാണ്.....31
ഓർമ്മകളിലെ മൗന നൊമ്പരങ്ങൾ.....33
2018: -സെപ്റ്റംബർ 5.....36
.....36
അദ്ധ്യാപകദിനാഘോഷം.....36
പ്രഭാത ചിന്തകൾ.....37
കേരളത്തിലെ ടൂറിസം.....38
Cloning -a boon or a curse.....40
കേരളപിറവി ദിനാചരണം.....41
THE POWER THAT WINS.....42
ഒരിക്കലും മറക്കാനാവാത്ത ഓർമ്മ.....43
.....45
പാചക കുറിപ്പ്.....45
POLLUTION.....46
ദൈവസ്നേഹം.....48

ഡിസംബർ 1......49
എയ്ഡ്സ് ദിനാചരണം......49
A FRIEND IN NEED IS A FRIEND INDEED......50
ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് മാസ്റ്റർ ട്രെയിനർ......51
......51
ശ്രീ ബിജേഷ് സാർ ക്ലാസ് എടുക്കുന്നു......51
BLOSSOM OF DREAMS......52
मेरी यात्रा वृत्त- ताजमहल......53
കാത്തിരിപ്പ്......55
BIODIVERSITY PARK......57
സമയ ഗണിതം......58
HUES FROM CLUES......59
മഴമുഴക്കങ്ങൾ......60
മായുന്ന വസന്തം......61
കാവ്യശലകങ്ങൾ......63
......64
സ്വപ്നം......65
സർദാർജി മണ്ടനാണോ?......66
എൻ സൗഹൃദം......70
ഒരു കേരള പിറവി......71
കുളക്കോഴിയുടെ കഥ......74
കാറ്റും കുരങ്ങനും......75
അതിജീവനത്തിന്റെ നാളുകൾ......78
ഇന്നലകൾ......79
നന്ദിയുടെ ഒരു വാക്ക്......80

## ഇന്നലകൾ

രാത്രിതൻ നിഴൽ ഭൂമിയിൽ പതിപ്പതപ്പോൾ
ലോകമുറങ്ങുന്ന ഉണരുവാനാവാത്തവിധം.
വിധിയൊ മരണമൊ തനിക്കുമുന്നിലെന്നറിയാതെ
ഇരുട്ടിൽ രണ്ടു ജീവിക്കുന്ന കണ്ണുകൾ.

വിറക്കുന്ന മേനിയിൽ
സ്നേഹച്ചൂട് പകർന്നത്
കാണാത്ത മുഖങ്ങളാണ്
കാലം മായ്ക്കാത്ത കരുതലാണ്.

ഇനൻതൻ ചുംബനമേറ്റ ഭൂമിയിൽ
തേങ്ങിക്കലങ്ങിയ കണ്ണുകൾമാത്രം.
നഷ്ടമാം ചീളുകൾ തിരയുന്ന ജന്മങ്ങൾക്ക്
മറക്കാനാവാത്ത പ്രളയനൊമ്പരം മാത്രം.

കാട്ടുകേറുന്ന സ്വാർത്ഥതയിലും
വർഗ്ഗീയതയുടെ മലയാളമണ്ണിൽ
കടലിന്റെ മക്കൾ കരങ്ങൾകോർത്തപ്പോൾ
കരുത്ത് കരുണയാണെന്നുവിസ്മരിക്കരുതെ....

അൻസാ ബെന്നി X C

# സമൂഹ മാധ്യമങ്ങൾ

വളരെ ചുരുങ്ങിയകാലം കൊണ്ട് ആധുനികമനുഷ്യജിവിതത്തെ ഇത്രയേറെ സ്വാധീനിച്ച ഒരു മാധ്യമ ശൃംഖലയില്ല . സ്വാധീനിക്കുകമാത്രമല്ല ഇന്ന് ഭൂരിഭാഗം മനുഷ്യരെയും നയിക്കുന്നതും നിയന്ത്രിക്കുന്നതും നശിപ്പിക്കുന്നതും സോഷ്യൽ മീഡിയ ആണെന്നുപറയാം . വെറും 21 വയസുമാത്രമാണ് ഈ മാധ്യമത്തിനുള്ളത് .സിക്സ് ഡിഗ്രിസിൽനിന്നാണ് ഇന്റർനെറ്റ് ലോകം അതി വേഗം മുന്നേറിയത് . നിമിഷനേരം കൊണ്ടുള്ള ആശയവിതരണമാണ് ബ്ലോഗിലൂടെ സാധ്യമായത്. വെബ്ലോഗ് എന്ന പദത്തിൽനിന്നാണ് ബ്ലോഗ് എന്ന വാക്കു വന്നത് .

സമൂഹമാധ്യമങ്ങളുടെ കുത്തൊഴുക്ക്

2003-ഓടെ ശ്യദ്ധേയമായ മൈ സ്പെയ്സ് എന്ന വെബ്സൈറ്റ് കൂടുതൽ ജനകീയമായപ്പോൾ സമൂഹ മാധ്യമങ്ങളുടെ കുത്തൊഴുക്ക് ആരംഭിച്ചു .യഥാർത്ഥ സോഷ്യൽമീഡിയ പ്യോഫൈൽ വെബ് സൈറ്റാ*യിരുന്നു മൈ സ് പെയ്സ് .*

ഫെയ്സ് ബുക്കു തുറക്കുന്നു.... ഒപ്പം ട്വിറ്ററും....

2004-ൽ മാർക്ക് സുക്കർബർഗ് ആരംഭിച്ച Face book. com എന്നവെബ്സൈറ്റ് ഇന്ന് ലോകം ഭരിക്കുന്ന നവമാധ്യമ ചക്യവർത്തിയാണ് . ഇന്നു നൂറു കോടിയിലേറെ ഉപഭോക്താക്കളുള്ള ഫെയ്സ് ബുക്ക് ഒരു വ്യക്തിക്ക് അയാളുടെ വിവരങ്ങൾ നൽകുവാനും 5000 വരെ സുഹൃത്തുക്കളെ സ്വികരിക്കാൻ അവസരമൊരുക്കുന്നു .

2006-ൽ ഓൺലൈൻ ഉപഭോക്താക്കളുടെ കുതിച്ചുകയറ്റം കണ്ട ജാക്ക് ഡോർസിയും സംഘവും സ്രഷ്ടിച്ചതാണ് ട്വിറ്റർ .ഇന്ന് ട്വിറ്ററിന് 50 കോടിയിലധികം ഉപഭോക്താക്കളുണ്ട് .

വാട്സ് ആപ്പ് (Whats app)

2009-ൽ ഫെയ്സ് ബുക്കിന്റെ തണലിൽ ആരംഭിച്ച ഒരു ഓൺലൈൻ ആപ്ലിക്കേഷനാണ് വാട്സ് ആപ്പ് . ഇന്ന് ഏറ്റവും കൂടുതൽ ഉപഭോക്താക്കളുള്ള ഒരു ആപ്പ് ആണ് വാട്സ് ആപ്പ് .ഇമോ സ്കൈപ്പ് തുടങ്ങിയവയും ഇന്ന് ഏറെ പ്രചാരം നേടിക്കഴിഞ്ഞ ആശയവിനിമയ വേദികളാണ് .

*ജെഫിൻ ജെയിംസ് 9 E*

# പ്രവേശനോൽസവം-----2018





/

**/home/allevia/Desktop/IMG_4107.MOV**

കവിത

# ആളിക്കത്തുന്ന തീപ്പന്തങ്ങൾ



ആദിത്യ രവി
9 D

പാഴായ് കരുതിയൊരാ വെറും ചാരക്കൂ-
മ്പാരത്തിൽ ശൂന്യതയിൽനിന്നുമേ
അഗ്നിജ്വലകളുമേന്തി സ്വാതന്ത്ര്യമായ്
അഗ്നിപുഷ്പമായ് വിടരാൻ കിനാവു
നെയ്യുന്നിതാ അവൾ....

ഘോരമാം വേനലിൻകാഠിന്യമേറ്റ്
കണ്ഠനാളംമെല്ലാം വരണ്ടുകീറിയ നേരത്തും
ജീവന്റെ ബിന്ദുക്കൾ മെല്ലെ ചൊരിഞ്ഞിതാ
ജീവത്തുടിപ്പായ് മാറീടുന്നിതാ അവൾ
ചുട്ടുപൊള്ളിടുന്ന മരുഭൂവിൻ മാറിലും

ചേതനതൻ ഒരായിരം വർണ്ണവസന്തം
വിരിയിച്ച് ആനന്ദത്തിൻ ചെറുകണികയായ്
നിർവൃതിയടയുന്നിതാ അവൾ....
ത്യാഗത്തിൻ അത്ത്യുന്നതശിലയായ്
നിത്യശക്തി ചൊരിയും വചസ്സുകളായ്.


നിത്യമാം കരുത്തിന്റെ മൂർച്ചയേറിയ
വാളുമേന്തിതാ .......
അഭിമാനത്തിൻ നിവർത്തിയ ശരസ്സായ്
ജീവിതപന്ഥാവിൽ നീങ്ങുവാൻ വെമ്പുന്ന

ആ പുണ്യജന്മമാണ് 'സ്ത്രി'.

അവളുയർത്തിയ ശിരസ്സിനോളം വരില്ലൊ-
രു വാളിനും മൂർച്ച.......
*അവൾ ചിന്തിയ ചുടുരക*



## ഡിജിറ്റൽ പെയിന്റിങ്



*ജെഫിൻ ജെയിംസ്   9 E*



# കാറ്റ് പറഞ്ഞ കഥ

പാലക്കാട്ടുനിന്ന് കോയമ്പത്തൂർ നിരത്തിലൂടെ കാൻഞ്ചിക്കോട്ടെത്തി .അവിടെനിന്ന് മൺതാരയിലൂടെ ചൂരപ്രദേശങ്ങളലേയ്ക്ക് തിരിഞ്ഞു. പരുക്കനായ വാടകജീപ്പിനുപോലും സഞ്ചരിക്കാൻ പറ്റിയതായിരു ന്നില്ല ആ വെട്ടുവഴി. എങ്കിലും ഈ യാത്രയിൽ, പത്തുവർഷത്തിനു ശേഷം ഉള്ള രണ്ടാമത്തെ യാത്രയായിരുന്ന ഇത്, തെയ്യുണ്ണി ആരെയും പഴിപറഞ്ഞില്ല .

കഴഞ്ഞ പ്രാവശ്യം താൻ വന്നപ്പോൾ ഈ വെട്ടുവഴിയുടെ ഇരുവശത്തും കൂറ്റൻ മരങ്ങളായിരുന്നു. തനിക്ക് പേരറിയാത്ത കാട്ടു മരങ്ങൾ. ആ യാത്രയെ തെയ്യുണ്ണി ഓർമ്മിച്ചു യൂറോപ്പിലൂടെ പര്യടനം നടത്തി ബോംബെയിൽ തിരിച്ചെത്തിയതന്നെ സ്വീകരിക്കാൻ വന്ന ഭാര്യ വിമാനതാവളത്തിൽവെച്ച് അറിയിച്ചു, നാട്ടിൽനിന്ന് ഒരു കത്തുണ്ട്. കൈപ്പട കണ്ടിട്ട് ഏട്ടന്റെയാണെന്ന് തോന്നുന്നു .

ഗ്രഹവിൽചെന്ന് ഏട്ടന്റെ കത്ത് വായിച്ചു, "എനിക്കിത്തിരിസുഖമില്ലാതിരിക്കയാണ് , കുട്ടാ നിന്നെ അറിയക്കാൻ വേണ്ടിമാത്രം എഴുതുകയാണ് തിരക്കിനിടയിൽ നീ ഈ മലമ്പ്രദേശംവരെ വരണമെന്ന് ഞാൻ ഒരിക്കലും പറയില്ല . നീ ഏട്ടനെ മനസ്സിൽ കരുതിയാൽ മതി , കാണുന്നതിന്റെ ഫലമാണ് . ശ്രീകുമാരനെ ഞാൻ വിവരമറിയച്ചിട്ടുപോലുമില്ല . ആകാംഷകോണ്ട് അഛനെകാണണമെന്ന് അവനെങ്ങാനും നിശ്ചയിച്ചെങ്കിലോ എന്ന ഭയന്ന് എന്റെ ഏട്ടത്തിയമ്മ ഇപ്പോഴുമുണ്ടായിരുന്നെങ്കിൽ ! വൃദ്ധമനസിന്റെ ദൗർബ്ബല്യങ്ങൾ...."

കത്ത് വായിച്ചശേഷം ഏട്ടനെ കാണണമെന്ന് തോന്നി.

തെയ്യുണ്ണി ഉടൻ പുറപ്പെട്ടു . വലിയൊരു പാളംതാണ്ടി ജീപ്പ് അതിന്റെ കഠിനശ്രമം തുടർന്നു

"വെഷമച്ചോ,ഡ്രൈവറെ ?"

"ഞങ്ങൾക്കിത് പരിചയമല്ലെ? സാറിനെഒർത്താവെഷമം "

അകലെ ഏട്ടന്റെ വേലിയും പടിയും പ്രത്യക്ഷപ്പെട്ടു.

"ഡ്രൈവറെ, ദ അവട്യ".

" ഒറ്റപ്പെട്ട സ്ഥലം, അല്ലേ സാറേ?"

"അതെ"

പെന്നസ്വമി തെയ്യുണ്ണിയെ എതിരേൽക്കാനായി ഇറങ്ങി വന്ന രണ്ടുപ്പേരും മുഖ-ത്തോടു മുഖംനേക്കിനിന്നു പിന്നെ പൊന്നുസ്വാമി കണ്ണുടച്ചു.

പൊന്നുസ്വാമി തൊട്ടുകയിലേക്ക് നടന്ന തെയ്യുണ്ണി പുറകയും തൊടികയുടെ

അറ്റത്തു ചെത്തിനിരപ്പാക്കിയ ഇത്തിരി സ്ഥലത്ത് ഒരു തുളസിച്ചിച്ചെടി

പുതുകവേർപിടിക്കുകയായിരുന്നു . അതിന് ചുറ്റും വെണ്ണിർപാടുകൾ അങ്ങിങ്ങു പറ്റിനിന്നു 'ഇവിടെയാണ് ' അസ്ഥി പേരുരിലാണ് ഒഴുക്കിയത്. പെന്നുസ്വമി പിന്നെയും എന്തെക്കയോ പറഞ്ഞുകൊണ്ടിരുന്നു തെയ്യുണ്ണി ഒന്നും കേൾക്കുന്നില്ല നിശ്ചലമായി കുഴിമാടത്തിങ്കലേക്ക് നോക്കിനിൽക്കാനെ തെയ്യുണ്ണിയ്ക്ക് കഴഞ്ഞുള്ളു.



അഡോൺ ജോസഫ്
9A



## വേദഗണിത വിശേഷം

ശാസ്ത്രങ്ങളുടെ ശാസ്ത്രം, ശാസ്ത്രങ്ങളുടെ റാണി എന്നീ വിശേഷണങ്ങളിൽ അറിയപ്പെടുന്ന ഗണിതശാസ്ത്രം പ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളിലും കാണപ്പെടുന്ന വിഷയമാണ്. ഏതുവിഷയത്തിന്റെയും വളർച്ചയ്ക്കു ഗണിതശാസ്ത്രം മുഖ്യമായ പങ്കു വഹിക്കുന്നു എന്ന കാര്യം പൊതുവേ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ശാസ്ത്രവിഷയങ്ങളിൽ മാത്രമല്ല, എല്ലാ വിജ്ഞാനശാഖകളിലും ഗണിതത്തിന് പ്രമുഖമായസ്ഥാനമുണ്ട് . വളരെ വിരസവും വിഷയമേറിയതുമായ ഒരു വിഷയമാണെന്നാണു ഗണിശാസ്ത്രം പലപ്പോഴും അറിയപ്പെടുന്നത്. ഇതിനുള്ളപ്രധാനകാരണങ്ങളിലൊന്ന് ഗണിതശാസ്ത്രം കൈകാര്യംചെയ്യുന്ന രീതിയിലുള്ള കുഴപ്പമാണ്.

ലഘുവായ രീതിയിൽ നിർവഹിക്കപ്പെടാവുന്ന പല ഗണിതക്രിയകളും സങ്കീർണ്ണവും വിഷമകരവുമായ രീതികളലൂടെയാണു ചെയ്യുന്നത്. ഈ സങ്കീർണത മാറ്റി ലളിതമായി അവതരിപ്പിച്ചാൽ വിദ്യാർഥികൾക്കും ഗണിതംകൈകാര്യം ചെയ്യുന്ന മറ്റുള്ളവർക്കും രസകരമായ ഒരു അനുഭവമായി മാറും. ഈയൊരു പശ്ചാത്തിലാണു വേദഗണിതരീതി പ്രസക്തമാകുന്നത് . സങ്കീർണമായ അനേകം സ്റ്റെപ്പുകൾ ഉപയോഗിച്ചു ചെയ്യുന്ന ഗണിതക്രിയകൾ വേദഗണിതരീതി ഉപയോഗിച്ച് ചെയ്യുമ്പോൾ കേവലം ഒന്നോ രണ്ടോ സ്റ്റെപ്പുകളിലൂടെ ഉത്തരത്തിലെത്തിച്ചേരുന്നു.

തികച്ചും അത്ഭുകരമെന്നോ മാന്ത്രികമെന്നോ വിശേഷിക്കപ്പെടാവു ന്ന ഒരു അവസ്ഥയാണിത്. വേദകാലത്തു രൂപപ്പെട്ടു എന്നു വിശ്യസിക്കപ്പെടുന്ന ഈരിതികൾസമാഹരിച്ചതുസ്വാമിഭാരതിക്രിഷതീർഥയാണ്.16 സൂത്രങ്ങളും13 ഉപസുത്രങ്ങളുമാണ് അദ്ദേഹത്തിന്റെ വേദഗണിതത്തിൽ കാണുന്നത്.

ഗണിതത്തിലെ ഏറ്റവും മികച്ച കണ്ടുപിടിത്തമാണല്ലോ പൂജ്യം . പൂജ്യത്തിന്റെ കണ്ടുപിടിത്തത്തോടെ ഗണിതശാസ്ത്രം വളരെ വേഗത്തലാണു വികസിച്ചത്. പൂജ്യത്തിന്റെ കണ്ടുപിടിത്തം ഗണിതക്രിയകളെ ഏറെലളിതമാക്കി.പൂജ്യം,ഒന്ന് എന്നീ അക്കങ്ങൾ മാത്രം അടങ്ങിയിട്ടുള്ള ദ്വയാംഗസമ്പ്രദായം ഉപയോഗിക്കുന്ന കംമ്പ്യുട്ടർ ഇന്ന് സർവ്വമേഖലയിലും ആധിപത്യം സ്ഥാപിച്ചുക്കൊണ്ടിരിക്കുന്ന അത്ഭുതയന്ത്രമായി അറിയപ്പെടുന്നു .

പൂജ്യം ഉപയോഗച്ചുള്ള ദശക്രമസമ്പ്രദായത്തിലെ ഏകം, ദശം, ശതം, സഹസ്രം തുടങ്ങിയ സംഖ്യകളെ ആധാരമാക്കിയാണു വേദഗണിതത്തിലെ മിക്ക ക്രിയകളും നിർവഹിക്കപ്പെടുന്നത്.

ജോതിഷ് ജോമോൻ
9B

# പ്രളയബാധിതർക്ക്ഇരട്ടയാർ സ്കൂളിന്റെ കൈത്താങ്ങ്

**ഇരട്ടയാർ:**ഇരട്ടയാർ സെന്റ് തോമസ് സ്കൂളിൽ പ്രളയത്തോടനുബന്ധിച്ച് ദുരിതാശ്വാസ ക്യാമ്പ് സംഘടിപ്പിച്ചു. ദുരിതബാധിതർക്ക് ഭക്ഷണവും പാർപ്പിടവും വസ്തുങ്ങളും നൽകി. ദുരിതബാധിതരുടെ വീട് സന്ദർശിച്ചു. സ്കൂളിലെ അധ്യാപകർ സ്കൂൾമാനേജരച്ചനും ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്ത്വം നൽകി.



# പുസ്തകത്തിലെ പ്രണയം

കൈയിലിരുന്ന പുസ്തകം നിവർത്തി അവൻ വായിക്കാൻ തുടങ്ങി .ഒരു ശവമടക്കലിന്റെ വിവരണമാണ്. ഉച്ചരിക്ക്യാൻ പ്രയാസമുള്ള കൈയിലിരുന്ന പുസ്തകം നിവർത്തി അവൻ പേരുകൾ വായിക്കാൻ തുടങ്ങി.'ഞാനാണെങ്കിൽ ഇങ്ങനെയല്ല പുസ്തകമെഴുതുക' അവൻ വിചാരിച്ചു. കഥപാത്രങ്ങളെ ഒരുമിച്ചല്ല ഓരോരുത്തരായേ അവതരിപ്പിക്കൂ..... ഒരുപാടു പേരുകൾ ഒരേ സമയം ഓർമ്മിച്ചുവയ്ക്കേണ്ടതിന്റെ ക്ലേശം വായനക്കാരനു നൽകുകയില്ല'.

വഴിവിട്ടുപോയ ശ്രദ്ധ അവൻ വീണ്ടും പുസ്തകത്തിലേക്കു തിരിച്ചു ക്രമേണ അവന് വായനയിൽ രസം പിടിച്ചു. മഞ്ഞുകാലത്തെ നല്ല തണുപ്പുള്ള ഒരുച്ചനേരത്താണ് ശവമടക്കൽ നടക്കുന്നത്. തണുപ്പിനെപ്പറ്റി വായിക്കുമ്പോൾ ഒരു കുളിർമ. അത്രയ്ക്കും ചൂടാണിപ്പോൾ വെയിലിന്. അവനങ്ങനെ വായനയിൽ ലയിച്ചിരിക്കുമ്പോൾ ഒരു വൃദ്ധൻ അവന്റെ അരുകിൽ വന്ന് ഇരുപ്പുറപ്പിച്ചു.ഒരു വർത്തമാനത്തിനുള്ള തരവും പാത്താണ് അയാളുടെ ഇരിപ്പ്

ആ വൃദ്ധന്റെശബ്ദം അവനെ പലരീതിയിൽ പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു. അവന്റെ മറുപടിയിൽ വായനയ്ക്ക് ഉപദ്രവമുണ്ടാകും വിധം തുടർന്നു സംസാരിക്കേണ്ട എന്ന ചെറിയൊരു താക്കീതുമുണ്ടായിരുന്നു ആ ശബ്ദത്തിൽ. വാസ്തവത്തിൽ അവന്റെ ശ്രദ്ധ വായനയിലായിരുന്നില്ല. മനസ്സിലാകെ ആ കച്ചവടക്കാരന്റെ മകൾ നിറഞ്ഞു നിൽക്കുകയായിരുന്നു . അവളുടെ മുൻപിൽ വച്ച് ആടുകളെ ഓരോന്നായി നീക്കി നിർത്തി കമ്പിളി വെട്ടിക്കെടുക്കുന്ന കാര്യം അവൻ സങ്കൽപ്പിച്ചു . ബുദ്ധിമുട്ടുള്ള കാര്യങ്ങൾ ചെയ്യാൻ കെൽപ്പുള്ള ഒരുവനാണ് താനെന്ന കാര്യം അവൻ മനസ്സിലാക്കിക്കാണും. അവൻ പലതവണ മാനക്കണ്ണിൽ കണ്ടതാണ് ആ രംഗം .

ഓരോതവണയും ആടിന്റെ രോമം മുറിക്കുന്നത് പിന്നിൽനിന്നും മുമ്പിലേക്കാണെന്ന് അവൻ പറഞ്ഞപ്പോൾ അവൻ അത്ഭുതപരതന്ത്രയാവുന്നതുകാണാൻ രസമായിരുന്നു . പണിക്കിടക്കയിൽ അരികിൽ നിൽക്കുന്ന അവൾക്കു പറഞ്ഞുകെടുക്കുവാൻ വേണ്ടി രസമുള്ള ചിലകഥകളും അവൻ

ഓർത്തുവച്ചു . ഒക്കെ പുസ്തകങ്ങളിൽ നിന്ന് വായിച്ചുമനസ്സിലാക്കിയകഥകളാണ് . എന്നാലും സ്വന്തം അനുഭവമാണെന്ന മട്ടിൽ തന്മയത്വത്തോടുകൂടി പറയണം. വ്യത്യാസമെന്തും അവൾക്കു പിടികിട്ടുകയുമില്ല. കാരണം അവൾക്ക് വായിക്കാനറിയില്ലോ......

എയ്മൽ ജിനോയി

## വായനാദാനം ജൂൺ 19



ഇരട്ടയാർ: സെൻറ് . തോമസ് എച്ച്. എസ്. എസ് ഇരട്ടയാറിൽ വായനാദിനം ആചരിച്ചു. വായനാദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഹെഡ്മാസ്റ്റർ ജോർജ്ജുക്കുട്ടി സാറും സ്കൂൾ മാനേജർ റവ.ഫാ.മാത്യു തറമുട്ടവും സംസാരിച്ചു. പി. എൻ.പണിക്കരെ അനുസ്മരിച്ചു.കുട്ടികളും അധ്യാപകരും അനധ്യാപകരും രണ്ടു മിനിറ്റു നേരത്തേക്ക് പുസ്തകങ്ങൾ വായിച്ചു.

# ADORN OF MY LIFE



*I came to this beautiful world*
*Through my dearest mother*
*She gave birth to me*
*And she loves me a lot.*

*Mother is the light of house*
*Mother loves me and cares me*
*I am very happy and joice*
*Her presence makes me*
*Active in all things*
*When she is happy*
*The whole world's is happy*
*She teach me the lessons of*
*Honesty, love and mercy*
*When she quarrels to me*
*I am very funny to see that*

*Sreya Dileep*
*IX E*

# നമ്മുടെ കുടുംബങ്ങൾക്ക് എന്തുപറ്റി?

കുടുംബത്തെ കരിങ്കൽത്തറയിൽ പണിതുയർത്തിയ ദേവാലയങ്ങളായിരുന്ന പണ്ട് നമ്മുടെ ജീവിതം അന്ന്. നാം ജനിച്ചു വീഴുന്നത് ഒറ്റയ്ക്കായിരുന്നില്ല. മാതാവു വഴിയും പിതാവു വഴിയും ഉള്ള എത്രയോ ബന്ധുക്കളുടെ നീട്ടിയ കരങ്ങളിലേക്കായിരുന്നു നാം ജനിച്ചു വീണത്. ശ്വാസകോശം തുറന്നു കരയാനും പൊട്ടിച്ചിരിക്കാനും അഭിനയകോഴ്സിൽ ഡിപ്ലോമയെടുക്കാതെ തന്നെ നമുക്കകന്നു കഴിഞ്ഞിരുന്നു. പ്രായമായവർ തങ്ങളുടെ അറിവ് മറ്റുള്ളവരിലേക്ക് പകർന്നിരുന്നു. സന്ധ്യപ്രാർത്ഥനകൾ അത്താഴമൂണിനും ഒരു കുടുംബയോഗത്തിന്റെ അരങ്ങും ആഴമുണ്ടായിരുന്നു. തെറ്റുകൾ പരുത്തിയും തിരുത്തിയും തലോടി വളർത്തിയും താങ്ങായി പരിരക്ഷിച്ചും മുതിർന്നജനങ്ങളും ഇളംതല മുറയും ജീവിതത്തിന് ഹരിതാഭ നൽകി. ഹൃദയവാഹിനികൾ മധുര സ്നേഹ തരംഗിണികളായിഒവുകിയ നാളായിരുന്നു അവ.

പിന്നീടാണ് പടിഞ്ഞാറൻ മാതൃകകൾ ഇറക്കുമതി ചെയ്യാൻ നാം തുനിഞ്ഞത്. രണ്ടാരോ പറഞ്ഞതുപോലെ ആദ്യം വാച്ചുകൾ ഇറക്കുമതി ചെയ്തപ്പോൾ സമയ നിഷ്ക്കുടി ഇറക്കുമതി ചെയ്യാൻ നാം മറന്നുപോയി.ഉപഭോഗവസ്തുക്കൾ ഇറക്കുമതി ചെയ്തു. പക്ഷേ ജീവിതനിലവാരം കൊണ്ടുവന്നില്ല. ചുരുക്കത്തിൽ പടിഞ്ഞാറിന്റെ വേസ്റ്റ് ബാസ്കറ്റായി നാം സ്വയം മാറിയില്ലേ എന്ന് സംശയിക്കണം.

ഇന്ന് അണുകുടുംബങ്ങളിൽ പിറന്നു വീഴുന്ന കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ ടെൻഷൻ ഏറ്റുവാങ്ങിയവരാണ്.റാങ്ക്സ്വപ്നങ്ങളിൽ മുഴുകിയ രക്ഷ കർത്താക്കൾ കുഞ്ഞുങ്ങളെ വളർത്തുകയല്ല ഒരുക്കുകയും ഞെരുക്കുകയുമാണ്ചെയ്യുന്നത് അണുകുടുംബങ്ങളിൽ വൃദ്ധജന ങ്ങൾക്ക് സ്ഥാനമില്ല. പിടിച്ച ചിട്ടിയും വയസ്സായ കാരണവരും ഒരുപോലെയാണെന്നാണ് പുതുതലമുറയുടെ സാമ്പത്തികശാസ്ത്രം. അങ്ങോട്ടു മുടാക്കാമെന്നല്ലാതെ രണ്ടിനും നേട്ടമില്ലത്രെ.

ഭാര്യാഭർത്തൃബന്ധംനമ്മുടെ കുടുംബങ്ങൾക്ക് എന്തുപറ്റി?ന്ധം താൽക്കാലിക പാർട്ണർഷിപ്പ് ഉടമ്പടിയായി പരിണമി ച്ചിരിക്കുന്നു. ഭാര്യയും ഭർത്താവും സ്നേഹസമ്പന്നരായി വാഴുന്നിടമാണ് 'വൈകുണ്ഠം' എന്നാണ് ഭാരതീയ സങ്കല്പം. എന്നാൽ ഈ വൈകുണ്ഠത്തിന്റെ സ്ഥാനത്ത് കുടുംബം എന്നത് വെറും കുണ്ഡമായി മാറിയിരിക്കുന്നു . അഗ്നികുണ്ഡം.

മദ്യവും മയക്കുമരുന്നും നമ്മുടെ കുടുംബജീവിതത്തിന്റെ അടിത്തറ കുലുംതോണ്ടി. ആർക്കും ആരേയും വിശ്വാസമില്ലാത്ത കാലം. എനിക്കെന്തു ഗുണം? എന്നേ നമ്മൾ കരുതാറുള്ളൂ. എന്നെക്കൊണ്ട് മറ്റുള്ളവർക്ക് എന്ത് ഗുണം? എന്ന ചോദ്യം ആരുടെയും ഉള്ളിൽ ഉദിക്കാറില്ല.

പാളം തെറ്റിയും പാളം മാറിയും പാലയനം ചെയ്യുകയാണ് ഇന്നും നമ്മൾ. കുടുംബത്തിന്റെ അടിവേരു വന്നിട്ട്, പിന്നീട് ചെടിക്ക് വെള്ളം കോരിയിട്ടും രാസവളമിട്ടിട്ടും പ്രയോജനമില്ല.

നമുക്കുവീണ്ടും സ്വച്ഛസുന്ദരമായ ജീവിതത്തിലേക്ക് മടങ്ങിയേപറ്റൂ. പുകയുന്ന അഗ്നിപർവ്വത ത്തിനുമേൽ കസേരയിട്ട് ഇരുന്നാൽ ആ ഇരിപ്പിൽ നമുക്ക് മനഃശാന്തി കിട്ടില്ല. സ്നേഹവും സഹകരണവും അന്യോന്യബന്ധവും സഹവാസവും കരുത്തുപകരുന്ന കുടുംബാന്ത രീക്ഷത്തിലേക്ക് നമുക്ക് മടങ്ങിപ്പോകാം. നമുക്ക് നഷ്ടപ്പെടുവാൻ പിരിമുറക്കം മാത്രം. ഒന്നോർക്കുക കിട്ടാനുള്ളതോ ഉൾക്കാനുള്ള ജീവിതവും.

ജാസ്മിൻ ജോസഫ്, (അദ്ധ്യാപിക)

# आसान

अखबार नहीं आया
तो परेशान
बिजली चली गई

तो हैरना
फोन डेड है
तो हलकान

जीवन बना लिया
नरक समान
सोच ज़रा तू

ऐ इंसान
अपने ढंग स चले ये जहान
अपने मन में

तू ले ठान
छोटी-छोटी बातों पर
नहीं देगा ध्यान

तभी हो पाएगा
जीवन आसान

अश्वीन देव एस नम्पूतीरी
***9B***

# ക്വിസ്സ്



കീർത്തന സാബു

IX E

ചോദ്യങ്ങൾ

1 ഉദയഭൂമി ആരുടെ സമാധിസ്ഥലമാണ്?
2 ഉത്തർപ്രദേശിലെ സബർമതിയിൽ ഗാന്ധിജി ഉപ്പു കുറുക്കി സിവിൽ നിയമ ലംഘനത്തിനു തുടക്കമിട്ടതെന്ന്?
3 ആരുടെ ഓർമ്മയ്ക്കായാണ് മാധ്യമസ്വാതന്ത്യത്തിൽ പുരസ്കാരം നല്കുന്നത്?
4 മോഹിനിയാട്ടം ഏത് സംസ്ഥാനത്തിന്റെ കലാരൂപമാണ്?
5 “ഗാന്ധി എന്ന മനുഷ്യൻ" എന്ന ഗ്രന്ഥം എഴുതിയതാര്?
6 തേയിലയുടെ ജന്മദേശം?
7 ഏഷ്യയിലെ ഏറ്റവും ചെറിയ രാജ്യം ഏത്?
8 ആമസോൺ മഴക്കാടുകൾ ഏതു രാജ്യത്താണ്?
9 ദേവഭൂമി ഏതു സംസ്ഥാനത്തിന്റെ അപരനാമമാണ്?
10 പ്രകൃതി വാതകത്തിലേ അടങ്ങിയിരിക്കുന്ന പ്രധാന ഘടകം?
11 ഇപ്പോഴത്തെ സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ആര്?
12 മിസോറാം ഗവർണർ [2018]?
13 നിപ്പ വൈറസിനെ പ്രതിരോധിക്കാൻ ഉപയോഗിക്കുന്ന മരുന്ന് ?
14 പരിസ്ഥിതി ആഘാത അതോറിറ്റിയുടെ ചെയർമാൻ ആര്?
15 ഇന്ത്യയുടെ പക്ഷിമനുഷ്യൻ ആര്?

ഉത്തരങ്ങൾ

1 കെ. ആർ. നാരായണൻ
2 1930 ഏപ്രിൽ 6
3 ഗിർല്ലോ
4 കേരളം
5 ഏകനാഥ് ഈശ്വരൻ
6 ചൈന
7 മാലിക് ദ്വീപ്
8 ബ്രസീൽ
9 ഉത്തരാഖണ്ട്
10 മീഥെൻ
11 രഞ്ചൻ ഗോഗോയ്
12 കുമ്മനം രാജശേഖരൻ
13 റിബ വൈറിൻ
14 ഡോ. എച്ച് നാഗേഷ് പ്രഭു
15 സലീം അലി

## സെന്റ് തോമസ് എച്ച് എസ് എസ് "ലിറ്റിൽ കൈറ്റ് അംഗങ്ങൾ"

***സ്കൂൾ മാനേജർ, ഹെഡ്മാസ്റ്റർ, പരിശീലകർ എന്നിവരോടൊപ്പം***



# സൈബർ വിപത്തിനെതിരെ ഇരട്ടയാർ സെന്റ് തോമസ്

**ഇരട്ടയാർ:** മൊബൈൽ ഫോൺ ,ഇന്റെർനെറ്റ് ,സാമൂഹ്യമാധ്യമങ്ങൾഎന്നിവ ഒരുക്കുന്ന ചതിക്കുഴികളെക്കുറിച്ച് കുട്ടികളെ ബോധവത്കരിക്കുന്നതിന് ഇരട്ടയാർ സെന്റ് തോമസ് സ്കൂൾനടപ്പാക്കുന്ന ഹെൽത്തി ഹലോ പ്രോഗ്രാമിന് പുതുവത്സരദിനതതിൽ തുടക്കമായി മൊബൈൽ അഡിഷനും സ്ക്രീൻഅഡിക്ഷനും ഇന്ന് ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഇളംതല മുറയെയാണെന്ന തിരിച്ചറിവാണ് ഈ പദ്ധതി തുടങ്ങുന്നതിന് സ്കൂൾ അധികൃതരെ പ്രേരിപ്പിച്ചത് . പഞ്ചായത്ത് പ്രസിഡന്റ് റാണി ജോസഫ് പദ്ധതി ഉദ്ഘാടനംചെയ്തു ഹെഡ്മാസ്റ്റർ എം .വി ജോർജ്കുട്ടി, സീനിയർ അസിസ്റ്റന്റ് ഷൈനി ജേക്കബ്, കെ.ജെ ലിസ്സി, തോമസ് മാത്യു എന്നിവർ പ്രസംഗിച്ചു.



# കുസൃതിക്കാരൻ നന്നായി

**മ**നോഹരമായ കാട്. പക്ഷികൾ ചിലയ്ക്കുന്നു. രാത്രിയിൽ ഭൂതങ്ങൾ പോലെ നിൽക്കുന്ന മരങ്ങൾ. പതിയെ നേരം വെളുത്തു വരുന്നു. അതാ സൂര്യനുദിച്ചുകഴിഞ്ഞു നീലിമല കാട്ടിൽ കുസൃതിക്കാരനായ ഒരു കുരങ്ങൻ ഉണ്ടായിരുന്നു. കുസൃതിക്കാരൻ ആണെന്നു മാത്രമല്ല മഹാ കുഴിമടിയനുമായിരുന്നു അവൻ. ആ കുരങ്ങച്ചന്റെ പേരേന്താണെന്നോ, അവന്റെ പേരായിരുന്നു 'ചിക്കു' കുരങ്ങൻ. ഒരു ദിവസം അവന്റെ അമ്മ പറഞ്ഞു: "ചിക്കുമോനേ നീ ഇങ്ങനെ മടിയനായാൽ പോരാ പണി ചെയ്യണം. പണി ചെയ്താലെ കാശു കിട്ടൂ. കാശുണ്ടങ്കിലേ ജീവിക്കാൻ പറ്റൂ. അതുകൊണ്ട് നീ പണി ചെയ്യണം. നീ അമ്മയ്ക്ക് ഇത്തിരി വെള്ളം കൊരിത്താ." ഛിക്കു ഓർത്തു വെള്ളം കോരാനായി പോവുകയാണെങ്കിൽ വെള്ളത്തിൽ കളിക്കുകയും ചയ്യാമെല്ലോ. അവൻ വെള്ളക്കലവുമായി വീട്ടിൽ നിന്നിറങ്ങി. കിങ്ങിണി ചോലയിൽ ഇറങ്ങി. എന്നിട്ട് അവൻ തന്റെ തലയിലേക്ക് കുറേ വെള്ളവും ഒഴിച്ചു. എന്നിട്ട് കലത്തിൽ ഇത്തിരി വെള്ളവും കോരി വീട്ടിലെക്ക് നടന്നു. ചിക്കുവിനെ കണ്ടപ്പോൾ അമ്മ പറഞ്ഞു: "നീ എന്താ ഈ കാണിച്ചത്. പനി വന്നാൽ ആരാ ആശുപത്രിയിലേക്ക് കൊണ്ടുപോവുക." ചിക്കു അമ്മ പറഞ്ഞത് ഒരു തമാശയായിട്ടേ കരുതിയുള്ളൂ. നേരം മങ്ങി ഇരുട്ട് എവിടവും കറുപ്പിച്ചു. ചിക്കു ആ രാത്രിയിൽ ചുമയ്ക്കാൻ തുടങ്ങി. അമ്മ പറഞ്ഞു: "പനി വരാനാ" നേരം വെളുത്തു. ചിക്കുവിന്റ കഴുത്തിൽ തൊട്ടപ്പൊൾ അവനെ പനിക്കുന്നുണ്ട്. അതോടെ അവൻ പാഠം പഠിച്ചു. പിന്നെ അവൻ ഒരു കുസൃതിയും കാണിച്ചിട്ടില്ല. അപ്പോൾ അമ്മ പറഞ്ഞു: "കുസൃതിക്കാരൻ പാഠം പഠിച്ചു."

ലെയന സെൻ
IX E

# അവൾ നിത്യ സാമീപ്യമാണ്

മൗനം ഭജിക്കുന്ന പെരുവഴിത്താരയിൽ
ഏകാകിയായി ഞാൻ നിന്നീടുമ്പോൾ
നിത്യവും തണലായ് തഴുകുമെൻ തോഴിയാം
കുളിർ മഴ വെറുതെ പെയ്തിറങ്ങി

നഷ്ട സ്വപ്നത്തിൻ കണക്കുകൾ പേറുമെൻ
ഉൾത്തടം രോമാഞ്ച പുളകിതമായ്
ഇരുളിൽ തിരയുമെൻ ചിതൽ തിന്നയോർമ്മകൾ
പിന്നോട്ടു പായുവാൻ വെമ്പൽ കൊണ്ടു.

തുലാവർഷ രാവിന്റെ സ്പർശനമേറ്റു ഞാൻ
ഈറ്റില്ലത്തിങ്കൽ പിറന്നരാവും
വെൺമേഘ ശകലങ്ങൾ പായുമാ ഇടവഴി-
കാട്ടിലൂടന്തിയിൽ പിച്ച നടന്നതും

വേനൽ കുടീരത്തിൽ കേഴും വേഴാമ്പൽ പോൽ
മാരി വരുംന്നേരമോർത്തോർത്തിരുന്നതും
ഭൂമിതൻ ഗന്ധം വമിക്കുമാ പുതുമഴ
ച്ചോലയിൽ ചുവടുകളാർത്താർത്തുവച്ചതും

നടുമുറ്റത്തിരുന്നന്ന് കളിവള്ളമുണ്ടാക്കി
ഒഴുകുന്ന വെള്ളത്തിൽ തത്തിക്കളിച്ചതും
പെരുമഴയൊണ്ടിട്ട് വിറയാർന്ന പൂച്ചപോൽ
തണവാൽകുളിർത്ത് നനഞ്ഞന്നിരുന്നതും
പിന്നെ ഞാൻപോലുമറിയാതെയെന്നുള്ളിൽ
വിളങ്ങുന്ന തോഴിയായവളന്നുമാറിയതും

ഇന്നലെയെന്നപ്പോൽ തെളിയുന്നുവെന്നുള്ളിൽ
ആ നല്ല കാലത്തിൻ സ്മാരകങ്ങൾ
കൗമാര പ്രായത്തിൻ ചപലതയും
കളിക്കൂട്ടുക്കാരിതൻ രഹസ്യങ്ങളും

എല്ലാമെൻ തോഴിയാമി പ്രിയയോടു ഞാൻ
കളിപറയുന്നപോൽ പറഞ്ഞിരുന്നു.

മഴയിൽ കുതിർത്തയെന്നാദ്യാനുരാഗവും
കുളിരോലുമാരാവിൻ സൗന്ദര്യവും
ഞാനുമെൻ തോഴിയുമാവേനൽ മഴയും
ഒന്നിച്ചൊന്നായി നുകർന്നിരുന്നു.

ദുഃഖം തളം കെട്ടി നിൽക്കുമെൻവീട്ടിലെ
ദീർഘനിശ്വാസത്തിൻ തേങ്ങലുകളും
ഉമ്മറത്തെക്കോണിൽ കോടി പുതപ്പിച്ച
അച്ഛന്റെ നിശ്ചല ശരീരവും

തുള്ളിക്കൊരു കുടം പെയ്യുന്ന നേരത്ത്
തെക്കേ കോണിലെ പുളിമാവ് ചാഞ്ഞതും
കത്തും വളറികൾക്കിടയിൽ കിടന്നന്ന്
വെണ്ണീറായ് മാറിയെന്നച്ഛൻ മറഞ്ഞതും

ഒടുവിൽ ഏതോ ഒരു വർഷകാല സന്ധ്യയിൽ
എൻ പ്രിയൻ അവസാന യാത്ര പറഞ്ഞതും
ആശ്വാസമേകുവാൻ പോലും കഴിയാതെ
ഒരു ചെറുമഴ ചാറ്റൽ അരികത്തു വന്നതും



പക്ഷേ,........................ ഇന്ന് ഞാനേകയാണ്
അച്ഛനപേക്ഷിച്ച തോഴനപേക്ഷിച്ച
കളിത്തോഴിതൻ സാമിഭ്യമെന്നും കൊതിക്കുന്ന
നാഥനില്ലാത്തൊരു കളരിയാണിന്നു ഞാൻ
ഇരുളിലുഴറും കളിപ്പാവയാണിന്നു ഞാൻ.

അക്ഷര സജി
IX D

കഥ

# ഓർമ്മകളിലെ മൗന നൊമ്പരങ്ങൾ

**മൂ**ന്നണക്കു ഒരു ഓട്ടുരളി സ്വീകരിക്കാതെ എന്നെ മടക്കി അയച്ചതു മുതൽ മോഷണം എനിക്കൊരു കലമായി. പട്ടിണിയായിരുന്നു എന്നും എനിക്ക് ഓർമ്മിക്കാൻ. ഇടവഴിലൂടെ പോകുമ്പോൾ പാതി വെളിച്ചത്തിൽ ഞാൻ കണ്ടു അത് ഇട്ടി വൃക്ഷമാണ് . ഞാൻ കളവിന്റെ നിഴലിലൂടെ നീങ്ങി. എന്നിട്ടും വിധി എനിക്കു തന്ന ചുവരുകൾകുള്ളിൽ നിസ്സഹയനായി ഞാൻ. എത്ര നാളുകൾ ?
ലോക്കപ്പ് , പീഡനങ്ങൾ..........., ഓ ദൈവമേ ! ഞാൻ എന്റെ ജീവിതത്തിലേക്ക് തിരിച്ചു നടക്കാൻ ധൈര്യപ്പെടുന്നില്ല. അവ എന്നെ തളർത്തിയേക്കും.

അന്ന് നിലാവെളിച്ചത്തിൽ ഞാൻ എരിയുന്ന വയറുമായി നടന്നു നീങ്ങി. ഭക്,ണം മോഷ്ടിക്കുക എന്ന ലക്ഷ്യവുമായി ജനാലയുടെ കറുത്ത കമ്പികൾ അറുത്തു നീക്കി. അതും ശ്രദ്ധയോടെ തന്നെ . ഉള്ളിൽക്കടന്ന് എന്തെങ്കിലും കിട്ടും എന്ന പ്രതീക്ഷയോടെ. മണൽ തരി അനങ്ങാതെ ഞാൻ കാലുകൾ വെച്ചു. പെട്ടെന്ന് "നിൽക്കു"! ഞാൻ ആകാംക്ഷയോടെ നോക്കി. ദൈവമേ! ഞാൻ ഒന്നു പകച്ചു നിന്നു. അല്ല ,അതൊരു കരുനണ നിറഞ്ഞ മനുഷ്യന്റെ കണ്ഠത്തിൽ നിന്നായിരുന്നു. എങ്കിലും ഞാൻ ആരെന്ന കാര്യം മറന്നില്ല. അയാൾ എന്നെ ഇങ്ങനെ നോക്കുന്നതെന്തിന് ? "നിങ്ങൾ മോഷ്ടവാ". ആ സ്വരം വീണ്ടുമുയർന്നു. എല്ലാം കൈവിട്ടു എന്നു തോന്നിയ നിമിഷം. രക്ഷപ്പെടാൻ പഴുതുകൾ ഇല്ല ൊന്നന് തോന്നിയ ആ നിമിഷം ഞാൻ തളർന്നു.

എന്താനിങ്ങൾക്കു വേണ്ടത്?എന്തിനാണ് ഇവിടെ വന്നത്? പറയൂ സോദരാ". അതാ വീണ്ടും അത് മുഴങ്ങുന്നത് എന്റെ ഉള്ളിൽ ഒരു സംശയത്തെ ഉളവാക്കി. ചെവിവട്ടം പിടിച്ചു. അത് ഒരു രാപക്ഷിയുടെ തേങ്ങലാണ്. ഞാൻ ആമനുഷ്യനെ നിലാവിന്റെ വെളിച്ചത്തിൽ വ്യക്തമായി നീരിക്ഷിച്ചു. നിരാശ തളം കെട്ടിക്കിടക്കുന്ന കണ്ണുകൾ. ലക്ഷ്യമില്ലാത്ത എന്റെ കണ്ണു പോലെ. ഞാൻ അയാളുടെ കണ്ണുകളിൽ നിന്ന് പുറകോട്ട് വലിഞ്ഞു.

നിങ്ങൾക്ക് വേണ്ടത് ഭക്ഷണമാണ് വരു ......... സംശയിക്കേണ്ട ഞാൻ നിങ്ങളുടെ ആഗ്രഹം നിറവേറ്റും. ഞാൻ അയാളുടെ കാലാടികൾ പിൻതുടർന്നു. അയാൾ

എനിക്ക് വിഭവ സമൃദ്ധമായ ഒരു സദ്യ ഒരുക്കി. ഞാൻ കള്ളനാണ്. അനന്ദഭദ്രൻ എന്ന പെരും കള്ളൻ .

അയാൾ ഞാൻ പറഞ്ഞത് ചെവിക്കൊണ്ടില്ല. അയാൾ ഒരേ ഒരു വാക്ക് മൊഴിഞ്ഞു. കഴിക്കൂ.ഞാൻ  അത് അനുസരിച്ചു ഒരു ഭൃത്യനെ പോലെ.  എല്ലാം അസാനിച്ചു. അയാൾ ചോദിച്ചു ഇനി എനിക്കുള്ള ഭക്ഷണം തരൂ. അത് എന്റെ മനസ്സിൽ ഒരു ആണി അടിച്ചു കയറ്റുന്നതു പോലെ തോന്നി . ആ മനുഷ്യൻ ഒരു പാവം കർഷകൻ. എന്തോ എനിക്ക് ഒരു നൊമ്പരം തോന്നി. അന്നാദ്യമായി എന്റെ  കണ്ണുകൾ  നിറഞ്ഞു. എന്റെ മിഴികളിൽ നിന്ന് രണ്ടു തുള്ളി കണ്ണുനീർ അവിടെ വീണു. അത് സന്തോഷത്തിന്റെയോ, ദുഃഖത്തിന്റെയോ, എന്തായാലും എന്നിലെ മൃഗത്തിനെ എടുത്തു മാറ്റി. മനുഷ്യനാക്കാൻ ആ കണ്ണീർ കണങ്ങൾക്കു കഴിഞ്ഞു. ഇനിയും ഓർമ്മിക്കാൻ മുത്തശ്ശി കഥ പോലെ പറഞ്ഞു കൊടുക്കാൻ. എന്റെ ഓർമ്മക്കളിലെ മൗന നൊമ്പരങ്ങൾ പോലെ വേദനിപ്പിക്കുന്ന മുള്ളു പോൽ ഇന്നു മായാതെ അവശേഷിക്കുന്നു..........

Elena Leenus
9E



**2018: -സെപ്റ്റംബർ 5**

## അദ്ധ്യാപകദിനാഘോഷം



**ഇരട്ടയാർ:** സെന്റ് തോമസ് സ്കൂളിൽ  അദ്യാപകദിനാചരണത്തോടനബന്ധിച്ച്  മുൻ ഹെഡ്മാസ്റ്റർ പിജെ ജോസഫ് സാറിനെ ഇപ്പോഴത്തെ ഹെഡ്- മാസ്റ്റർ  ജോർജ്ജ്കുട്ടി സാർ   പൂച്ചെണ്ട് നൽകി ആദരിച്ചു. കൂടാതെ മുൻവർഷങ്ങളിൽ വിരമിച്ച് പോയ അദ്യാപകരെ അനുസ്മരിക്കുകയും ചെയ്തു.

# പ്രഭാത ചിന്തകൾ

നിങ്ങളുടെ കുറവുകളെകുറിച്ച് ബോധവാനായിരിക്കുമ്പോൾത്തന്നെ നിങ്ങൾക്കുള്ള കഴിവുകളും തിരിച്ചറിയണം .അവ തിരിച്ചറിയുന്നത് നിങ്ങളെ ഒന്നിനും കോള്ളില്ല എന്നത് പോലുള്ള ചിന്തകൾ ഉപേക്ഷിച്ച് ആത്മവിശ്വാസ്സം നേടുന്നതിനും ഏകാന്തതയെ മറികടക്കുന്നതിനും സഹായിക്കും.

മറ്റുള്ളവർ നിങ്ങളോട് എങ്ങനെ സംസാരിക്കാനാണോ ആഗ്രഹിക്കുന്നത് അതുപോലെ അവരോട് സംസാരിക്കുക.

മറ്റൊരാൾ പറയുന്നതിനോടു നിങ്ങൾക്കു യോജിക്കാനാവുന്നില്ലെങ്കിലും ക്ഷമയോടെ അയാൾ പറയുന്നത് കേൾക്കുക.
നിങ്ങൾക്കു യോജിക്കാവുന്നകാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക .

സിറിൾ സിബിച്ചൻ

# കേരളത്തിലെ ടൂറിസം

*ടൂറിസം ഇന്ന് ഒരു ആഗോള വ്യവസായമാണ് . ഒഴിവുനേരങ്ങൾ ആഹ്ളാദകരമായി ചിലവഴിക്കുന്നതിനായി സ്വച്ഛമായ കടൽത്തീരഹങ്ങളും മഞ്ഞുമൂടിയ മലനിരകളും ആരാധനാലയങ്ങളു തടാകങ്ങളും കലയുടെ കമനീയ ദൃശ്യങ്ങൾ പിറക്കുന്ന അരങ്ങുകളും തേടിയെത്തുന്ന സഞ്ചാരികൾക്ക് മനസിൽ സന്തോഷം നൽകുന്ന നാടാണ് കേരളം . അവർ ചെന്നെത്തുന്ന നാടിന് പലതരത്തിലും സാമ്പത്തികനേട്ടം ഉണ്ടാക്കികൊടുക്കുന്നുണ്ട് ഈ വസ്തുത മനസിലാക്കിയ കേരളീയർ സഞ്ചാരികൾക്ക് ഇഷ്ടപ്പെട്ട വിഭവങ്ങൾ ഒരുക്കി ടൂറിസത്തെ ഒരു വ്യവസായ കണ്ണോടെ തന്നെ പ്രോത്സാഹിപ്പിച്ചുവരുകയാണ് .കേരളവും ഇക്കാര്യത്തിൽ ഒട്ടും പിന്നില്ല.*

*പണ്ടുമുതലേ സഞ്ചാരികൾക്കു പ്രിയപ്പെട്ട നാടായിരുന്നു കേരളം .നമ്മുടെ പ്രകൃതി ഭംഗിയും സംസ്ക്കാരവിശേഷങ്ങളും അതിഥൃമര്യാദയുമാണ് ഇതിനുകാരണം ഇന്ത്യയുടെ തെക്കേ അറ്റത്ത് സഹ്യപർവത നിരകളുടെ പച്ചപ്പിനും കടലിൻെ നീലിമയ്ക്കും നടുവിൽ കിടക്കുന്ന ഈ ഒരു തുണ്ട് മണ്ണ് വൈവിധ്യമാർന്ന കാഴ്ചകളുടെ കളിവീടാണ് . ഇവിടെ തടാകങ്ങൾ ധാരാളമുണ്ട് .*
*പുഴകൾ പക്ഷി സങ്കേതങ്ങൾ വന്യമൃഗങ്ങളുടെ വിഹാരകേന്ദ്രങ്ങൾ തുടങ്ങിയവയും കേരളത്തിൽ ഒട്ടനവധിയാണ് . ഈ കാഴ്ചകളുടെ വൈവിധ്യത്തെ അടുത്തറിയാൻ സഞ്ചാരികൾക്ക് സൗകര്യ ങ്ങൾകൂടി ഉണ്ടാക്കിയെടുക്കുമ്പോഴാണ് നമ്മുടെ ടൂറിസം വികസന പ്രക്രിയ പൂർണ്ണമാവുക.*

*കേരളത്തിൽ ആദ്യകാലത്ത് കോവളവും കൊച്ചിയും തേക്കടിയും മാത്രമായിരുന്നു മുഖ്യ ടൂറിസം കേന്ദ്രങ്ങൾ 1985 ആയപ്പോഴേയ്ക്കും ടൂറസത്തിന്റെമേഖലക്കുടി വിപുലമായി .1985 മുതൽ ഇങ്ങോട്ടുള്ള വർഷങ്ങളിലാണ് ഇവിടെ ആസൂത്രിതമായ ടൂറിസ വികസനം നടപ്പിലായത് . അതോടെ ദൈവത്തിൻെ സ്വന്തം നാട് എന്ന പേരിൽ കേരളം കൂടുതൽ പ്രശസ്തി നേടിയത് .*

*ആഷിൻ കെ ജോസഫ്*

# ***Cloning -a boon or a curse***

Cloning ,the highly discussed scientific achievement of today , considered as the latest biological wonder – years back people were wonder struck to hear the news of the test tube babies. But the dolly and bonny and similar other product of cloning hitting the head lines . The modern science has proved that a new life can be created without the fusion of the egg and sperm .
This can be considered as a type of asexual reproduction.

The birth of Dolly at the Rosyln institute of Scotland on July 5 1996 marked a turning point in the cloning research . For the first time ,a mammal has been successfully cloned from a cell nucleus taken from an ordinary tissue of an adult animal in 1998 July 23 issue of the science journal nature reported the birth of 22 healthy and fertile female mice which has been cloned from the neucili of adult overain cells will using a techique similar to that used a top produce dolly .It is also reported from Japan that twin calves were born on 5$^{th}$ July 1998 through cloning . They are named Kaga and Nora.

The major achievement of cloning is that a new generation is created from a somatic cell of an animal. It is not neccesary that child is born through a natural . Scientist now hope that cloning can successfully conducted in human beings too, in near future. But there are objections different from corners about this attempt. America has already banned experiment of cloning in man.

*Some people are of opinion that a child formed through cloning cannot be considered as a new generation.It is nothing but the continuation of the parent cell. Thus cloning questions even the process of birth and death according to few. Even with all this objection cloning experiments are in progress in a number of laboratories. We hope that it will uveil a totally different face to the biological science tommorrow.*

ANSA BENNY
x C

## കേരളപിറവി ദിനാചരണം.

**കേ**രളപിറവി ദിനാചരണത്തോടനുബന്ധിച്ച നടത്തിയ സ്കൂളസംബ്ളിയിൽ സ്കൂൾ മാനേജർ, ഹെഡ്മാസ്റ്റർ ,അധ്യാപക അനധ്യാപകർ,വിദ്യാർത്ഥികൾ ഒരുമിച്ചുചേർന്ന് കേരളത്തിന്റെ ഭൂപടത്തിൽ തങ്ങളുടെ കൈയൊപ്പ് ചാർത്തി ജൻമദേശത്തോടുള്ള സ്നേഹവായ്പ് പ്രകടമാക്കി.



# THE POWER THAT WINS

*If you have a will it will make you win. The say 'where there is a will there is a way pertinent in every respect. You will find your way to successFor strong will be should have strong conviction. It is a proven concept. Have a strong conviction in everything so that you may ensure your success. The best example is jesus christ . Then there are Gandhiji, budha and a long line of people that lead the world.*

*There are odds in life. Should we fail them? Never . We should have will power to cope with to solve problems to arrive at the right decissions and to come out successful in life.*

*Distraction is the energy of determination once the decission is taken a stick on to it at any cost. A tongue of fire that flutters in wind is sure to go out. Life has many temptation. They take as a way from out determination. To over come them we should have strong will. But the pity is that temptations are the creation are the creations of our own selves. Thus we have to fight against ourselves. So find the 'better half' of ourselves and remain wedded to it. How to cultivate will power? Cultivate as else where is a difficult process. Till the field add manure. Saw the seed water it guard the sapling keep pest and weed away. Like this prepare the mind sow the seed of great ideas water it with conviction add manure of great maxims keep erroneous ideas away. Give the sunshine of truth and your mind grows well.*

*We the students, are to practice it. They say to shoot at the tree, aim at the sky. Everyone is meant for big things. Answer it in the best way. Thus we honour the creator. Thus we live our lives with our will power. It makes us rich and bring prosperity. Determination is the state of mind that never deters from the right*

*SREYA DILEEP*

# ഒരിക്കലും മറക്കാനാവാത്ത ഓർമ്മ

**കി**ഴക്കുനിന്ന് സൂര്യന്റെ പൊൻ രശ്മികൾ മുറ്റത്തേയ്ക്ക് ചിതറിവീണു. സൂര്യകിരണത്തിന്റെ സ്പർശനത്താൽ ചെടികൾ ആർത്തു മന്ദഹസിച്ചു. ഇലകൾ തുള്ളിക്കളിച്ചു. കുഞ്ഞിളം കാറ്റ് വന്ന് മാമരങ്ങളെ തഴുകി ഉണർത്തുന്നു. ഒന്നും ശ്രദ്ധിക്കാതെ പാതി മയക്കത്തിലാണ് വളർത്തു നായ. ജനൽ ചില്ലും കടന്ന് പ്രഭാത രശ്മികൾ കൺകോണുകളിൽ വന്ന് തട്ടിവിളിച്ചപ്പോഴാണ് ഞാൻ ആ സത്യം മനസ്സിലാക്കുന്നത്. ചന്ദ്രന്റെ ശോഭയും, നക്ഷത്രത്തിന്റെ തിളക്കവും അവഗണിച്ചുകൊണ്ട് സൂര്യരാജൻ ആഗതനായിരിക്കുന്നു. പ്രശാന്തവും സൗന്ദര്യപൂർണ്ണവുമായ ആ രാത്രി അവസാനിച്ചതിൽ എനിക്ക് വിഷമം തോന്നി.എന്തുമാവട്ടെ ചക്ക വീണ മുയലിനേപ്പോലെ ചാടി എഴുന്നേറ്റ് പള്ളിയിൽ പോകാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

മുറ്റത്തെയ്ക്കിറങ്ങിയപ്പോൾ കുഞ്ഞിളം കാറ്റ് സ്വാഗതം ചെയ്തു. എന്തൊരു തണുപ്പ്. പൊടുന്നനേ ആകാശത്തേയ്ക്ക നോക്കിയ ഞാൻ അദ്ഭുതപ്പെട്ടുപോയി. സൂര്യരാജൻ വന്നിട്ടും ചന്ദ്രനും താരഗണങ്ങളും ഒരു കുസലുമില്ലാതെ മിന്നിത്തിളങ്ങി നിൽക്കുകയാണ്. അവ എന്നെ നോക്കി ചിരിക്കുന്നതുപോലെ തോന്നിപ്പോയി.എന്തുമാവട്ടെ മുഖം കഴുകാൻ വെള്ളമെടുത്തു. എന്റെ ആഗമനം എന്തോ വെള്ളത്തുള്ളികൾക്ക് ഇഷ്ടമായില്ല. അവ എന്നെ നോക്കി ഒന്ന് ഇളിച്ചു കാട്ടി. മുഖത്തേയ്ക്ക് വെള്ളം ഒഴിച്ചപ്പോൾ ഞാൻ ഐസാകുന്നതുപോലെ തോന്നി. പിന്നെ ഞാൻ വെള്ളത്തെയും വെള്ളം എന്നെയും ഉപദ്രവിച്ചില്ല.

ഒരുക്കം പൂർത്തിയായപ്പോൾ പേട്ടെന്ന് ഒരു വിളി. മറ്റാരുമല്ല കൂട്ടുകാരി തന്നെ (പൂച്ചയാണ് കൂട്ടുകാരി). പെട്ടന്ന് ഞാൻ പതുക്കെ പതുക്കെ മുറ്റത്തേയ്ക്കിറങ്ങി. ചുറ്റും നിന്നാ മാമരങ്ങൾ മന്ദഹസിച്ചു. മഞ്ഞുതുള്ളികൾ പുല്ലിലും ഇലയിലും പറ്റിപ്പിടിച്ചിരുന്ന് കിന്നാരം പറയുന്നുണ്ട്. അവ ഇലകളിൽ വന്ന് വീഴുന്ന സംഗീതം വളരെ ആനന്ദകരവുമാണ്. വളരെ ധൃതിയിൽ നടക്കുകയാണ് ചുറ്റും നിൽക്കുന്ന ചെടികളൊ മരങ്ങളൊ ഒന്നും ഞാൻ തിരിച്ചറിയുന്നില്ല. പെട്ടന്ന് ഒരു വിളി എന്റെ കാതിൽ വന്നു പതിച്ചു. ആ വിളി ഞാൻ ശ്രദ്ധിച്ചു അമ്മയാണ്. ക്ലോക്കിന്റെ നീണ്ട മണി കേട്ട് സമയം നോക്കി എണീറ്റതാണ്. നോക്കിയപ്പോൾ സമയം 2 മണി ആ വിവരം പറയാൻ വിളിച്ചതാണ്. ചുറ്റും നുറഞ്ഞുനിന്ന പൊൻവെളിച്ചത്തിന്റെ ശോഭ എങ്ങോ പോയി മറഞ്ഞു. അരണ്ട വെളിച്ചം ചുറ്റും നിന്ന് എന്നെ പേടിപ്പിച്ചു. സമയത്തിന്റെ ഗൗരവം മനസ്സിലാക്കിയപ്പോൾ എന്റെ രക്തം ഉറഞ്ഞു കട്ടിയാകുന്നതുപോലെ തോന്നി. ചുറ്റും വീശിയ കുഞ്ഞിളം കാറ്റ് എന്റെ ചെവിയിൽ കൊടുംകാറ്റിന്റെ ശബ്ദം ഉളവാക്കി താഴെ നിൽക്കുന്ന പുല്ലുകൾ കാലിൽ തുളച്ചു കയറി. കിളികൾ കറഞ്ഞ് ബഹളം കൂട്ടി. മെല്ലെ മെല്ലെ ഞാൻ നടന്നു. ഒരു പാട്ടിൻ വരി ഞാൻ മൂളി നോക്കി. ഇല്ല ശബ്ദം തൊണ്ടയിലെങ്ങോ ഉറച്ചുപോയി. ചുറ്റും നിന്ന ചെടികൾ പരിചയം

പുലർത്തിക്കൊണ്ട് ആടി വന്നു. പക്ഷെ ഞാൻ അവയെ തിരിഞ്ഞുനോക്കിയില്ല മന്ദഹസിച്ചില്ല. സല്ലാപം പറഞ്ഞതുമില്ല. ഒരു അപരിചിതനേപ്പൊലെ പെറുമാറി.

മൂക്കത്ത് ദേഷ്യവുമായി പടിവാതിൽക്കൽ എന്നെ സ്വീകരിക്കാനായി അമ്മ. എന്നെ ഒന്ന് കനപ്പിച്ചു നോക്കി ഒരു വാചകം. "വയസ്സും പ്രായോം ഇത്ര ആയി എന്നിട്ടും ഒരു വിവരോം ഇല്ല. നിലാവെളിച്ചം കണ്ടിട്ട്....." പൂർത്തിയാക്കാതെ അമ്മ പോയി. ഞാൻ തനിച്ചായി. വീട്ടിലേയ്ക്ക് കയറുന്നതിന് മുമ്പ് ഞാൻ ആകാശത്തേയ്ക്കൊന്ന് നോക്കി. വെള്ളി പ്രാവുകളേപ്പോലുള്ള മേഘങ്ങൾ ആകാശത്ത് തുള്ളിക്കളിക്കുന്നു. അവയുടെ ഇടയിൽ ഒളിഞ്ഞും തെളിഞ്ഞും ചന്ദ്രൻ. ചന്ദ്രനും നക്ഷത്രങ്ങളും എന്തോ പറഞ്ഞ് കുട്ടച്ചിരി നടത്തുന്നുണ്ട്. എന്നെ പറ്റിച്ചതിന്റെ സന്തോഷമാവും.ഞും വീണ്ടും കിടക്കയിലെത്തി. ഞാൻ ഉറങ്ങാൻ ഭാവിച്ചു. പക്ഷേ ഉറക്കം എന്നെ തഴുകിയില്ല. ഞാൻ മെല്ലെ കണ്ണുകൾ അടച്ചു. ചുറ്റും കട്ടപിടിച്ചിരിക്കുന്ന ഇരുണ്ട അന്ധകാരത്തെ തന്റെ ദ്യുവെളിച്ചത്തിൽ പ്രകാശിപ്പിക്കുന്ന, ചെടികളെയും വൃക്ഷങ്ങളെയും ആനന്ദ പട്ടണിയിക്കുന്ന ഏവരെയും പൊൻ വെളിച്ചത്തിലാക്കുന്ന, നിലാവ് അപ്പോഴും പൂർണശോഭയോടെ പ്രകാശിച്ചുകൊണ്ടിരുന്നു.




അശ്വിൻദേവ് എസ് നമ്പൂതിരി

IX B

**പാചക കുറിപ്പ്**

## ക്യാരറ്റ് ഹൽവ



ചേരുവകൾ

ക്യാരറ്റ് - നാലെണ്ണം
നെയ്യ് - 6 ടേബിൾ സ്പൂൺ
പഞ്ചസാര - ആവശ്യത്തിന്
പാൽ - അര ഗ്ലാസ്സ്

തയ്യാറാക്കുന്ന വിധം :

ആദ്യം ചൂടായ പാനിൽ നെയ്യൊഴിക്കുക. അതിലേക്ക് കാരറ്റ് ചേർക്കുക. 10 മിനിറ്റ് വേവിക്കുക. തുടരെ ഇളക്കി കൊടുക്കുക. ശേഷം ആവശ്യത്തിന് പഞ്ചസാര ചേർക്കുക. പാൽ ചേർത്ത് വറ്റുന്ന വരെ ഇളക്കുക. ക്യാരറ്റ് ഹൽവ തയ്യാർ.

മിൽക്കാ മോൾ ഷാജി
9C

# POLLUTION

## The cancer of our Environment

Now a days we hear and read a lot about environment ,protection of environment and nature pollution of rivers, other fresh water resources and their related deforestation, flood and situation due to soil erosion, Industrialization, depletion of zone layer and the related green house effect, presence of pesticides above all the pollution growth are some of a major issue of great concern today. The air we breathe,the water we drink and the food we eat are polluted .

In the past when the pollution of human species in region increased to a point where they could not be supported by their environment and they migrated to new lands. But now man has spread through out the planet and in terms of space, food supplies and other needs the planet is nearing its maximum capacity to support human life. The area of land per inhabitant fell from. 85 hector at the beginning 1980's to 6 hector by the year 2005.The purification system are getting overloaded and the environment is becoming polluted through the large

It is estimated at least 33% of our country's total land should be restored to forest. The role of the flora bees in keeping the environment cool and enriching soil with nutrients is quite well known. Afforestation will be an important steps towards the ecological restoring of the environment of the human habit. In spite of all the technical progress we have made and great effort by government. We have not succeed in our effort to feed adequately the millions in a country. The population explosion widen the gap separating a two well nourished inhabitants of the country from those majority of underfed and malnourished.

India's plight of poverty is attributed to our failure to explore, exploit and and utilize effectively the country's resources. The successful exploitation of the environmental resources is in the interest of all living organisms including man. This should be considered as a vital point while formulating the strategy of national development. The increased agricultural use of land will help top feed a greater number of human individuals but this will further require high rates of application of fertilizers and pesticides which in turn will increase global pollution. It is very essential therefore to use the natural resources to maintain the ecological harmony and to preserve the environmental quality in it's aesthetic as well as recreational sense.The competition for land and water from industries and urban area is over

increasing and therefore we have to be careful the protection of the environment from pollution.

Our school should take up pollution as an important matter and teach students about environmental pollution. Awareness should be created among the public. We have rules and legislation to protect the environment but do we really observe them? Or indirectly damage and polluted the environment ? Nothing less is required than a complete reorientation of what we consider essential to our future . We inhabit a single planet but we live in several worlds. There is a world of abundance where depreciation degrades life .

*JYOTHISH JOMON*
*9 B*



## ദൈവസ്നേഹം

ദൈവമേ ദൈവമേ
കാരുണ്യ സ്വരൂപനേ
കുട്ടികൾക്ക് ആശ്വാസമേ
ദൈവമേ ദൈവമേ
സ്നേഹ ഗായകനേ
അറിവിൻ മറ്റൊലിയെ
യേശുവേ യേശുവേ
സത്യസ്നേഹ സ്വരൂപനേ
എന്നിൽ നീ നിറയണേ

മനസിനെ നിർമലമാക്കീടണേ
അപ്പമായ് എന്നിൽ നീ നിറയണേ
ജീവിത സഹചര്യങ്ങളിൽ
എൻ കൈപിടിച്ചെന്നെ നടത്തേമേ
എൻ ജീവിത പാതയിൽ വഴികാട്ടിയായി
എന്നമെൻ കൂടെ ഉണ്ടാവണേ.

SUSMITHA SUNIL
*9 D*

## ഡിസംബർ 1

# എയ്ഡ്സ് ദിനാചരണം




A

# FRIEND IN NEED IS A FRIEND INDEED

Friends, Friends, Friends
The world is full of 'Friend',
How many of them are true?
It is difficult to get a clue

Many sticks to us in our prosperity
Desert as in cause of poverty
They are full of selfishness
Ready to grab our happiness.

A true friend is loyal to us
Shares troubles without a fuss
Stands by us through thick and thin
Having no selfish motive within

All that glitters is not gold
All shining stones are not diamonds
All flowers cannot emit fragrance
All friends around may not remain true

Only time will tell the true from false



Milan maria Saji
9D

# ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് മാസ്റ്റർ ട്രെയിനർ

**ശ്രീ ബിജേഷ് സാർ ക്ലാസ് എടുക്കുന്നു**



# BLOSSOM OF DREAMS

Everyone has a dreamland
For some they are the rainbows,
of their dreams
For some they are the never reaching
land they dream of,
But for me they were the really of
my life
until one night......
When hell broke in to my heaven,
shattering my dreams,
Buttering up my life,

I never dreamt that they would be
to curve the words of love
where loneliness bites to eat me
There is no yearning for out side world
No one worthwhile for me there
Leaving me alone to fight the world
They stole what was mine and only mine

SARAN P.S
9E

## मेरी यात्रा वृत्त- ताजमहल

आग्रा की यात्रा और सिर्फ चार दिन का समय था। हम पूरे परिवार के साथ आग्रा गऐ थे। हम यहाँ से सबेरे 3 बजे निकले थे। हम नेडुम्पाशेरी एयरपोरड में पहुछा और एयरोप्लैन में साढे 5 बजे निकला। हम सुबह 8 बजे डेल्ही एयरपोरड में पहूंच गयी। दिल्ली के तेज़ गर्मी के बारे में बहुत सुनी है, लेकिन हम वह पहली बार महसूस किया। हम दिल्ली एयरपोरड से निकला। वहाँ से हम एक डाक्सी में निकला। हम वहाँ से हमारे रहने की जगह में पहूंच गया। वहाँ कुछ देर रुकने के बाद हम दिल्ली घूमने गए। वहाँ हम पहले केरला हौस और आन्द्राहौस देखा। वहाँ से खाना खाया। वहाँ से हम कुतबमिनार देखने गये। वहाँ से हम बहुत सारे फोट्टो लिया और फिर हम इन्ट्यागेट देखने गए वहाँ से भी हम फोट्टो लिया। और फिर हम बहुत सारे जगह देखी, जैसे राष्ड्रपती भवन,पार्लमेन्ट सबकुछ देखा। देर शाम तक हम दिल्ली खूमे। और फिर हम हमारा रहने की जगह में लौट आया। अगले सुबह हमारा असल डेस्टिनेषन के सफर शुरु किया; आग्रा। दूर से हि हमें ताजमहल देख सकता था।
कुछ देर के बाद हम वहाँ पहूंच गए। यमुना की किनारे में सफेद मार्बिल में बनी हुई अधूरी मोहबत का निशान -ताजमहल। शाहजहान और मुमताज़ के दस्तान -ए- मुहबत के यादों के चरित्र स्मारक हमारे आँखों के सामने थे। दिल्ली के तेज़ धूप और गर्मी के ऊपर भी ताजमहल बहुत खूबसूरत थे। हमने उसके अंदर गए और शाहजहान और मुमताज़ के खबरिस्तान भि देखा। उस समय मैंने रबीन्द्रनाथ ढागोर के एक शायरी याद किया। उसमें ताजमहल का शाहजहान के आँसू के द्वारा करती है। हम वहाँ कुछ देर रुकने के बाद हम दिल्ली में वापस आये। खाना खाने के बाद ह शाँदिवन देखने गए। वहाँ हम बहुत सारे महारथीयों का खबरिस्तान देखा। और उसके बाद हम लोट्टस टेंबील देखने गए। वह एक सुंदर अनुभव था। हमारा सफर का दूसरा दिन खत्म हुआ और फिर हम वापस हमारे रहने जगह लौट आया। हमारा सफर का तीसरा दिन हम राजस्तान गया। दिल्ली से करीब सौ km दूर थे राजस्तान। वहाँ हम जयपूर के खूबसूरती को पास जान रही थे। हम पिंग सिट्टी को पूरी तरह देखने की कोशीश की लेकिन हमें एक दिन का समय हि था। अगले दिन हमें वापस घर लौडना था। हम जयपूर में बहुत सारे किले देखा उसमें सबसे अच्छा सोनार कीला था। हमें वहाँ बहुत देर रुकने का समय नहीं था। इसलिए हमने वहाँ का दुकानो से घर वालों केलिए कुछ सामान खरीदा। और फिर हम से शाम को लौट आया। अगले सुबह हम वापस ट्रयिन में लौट आये।

नंदना साबु १० डि

# കാത്തിരിപ്പ്...

"ദുരൂഹതകളുടെ കാണാക്കയങ്ങളിൽ എവിടയൊ മറഞ്ഞിരിക്കുന്ന രാഹുൽ. എല്ലാ ദുഃഖങ്ങളേയും ആത്മാഘാതങ്ങളാക്കി ഏറ്റു വാങ്ങി, തന്റെ പൊന്നോമനയെ ഒരു നോക്കു കാണാൻ കൊതിക്കുന്ന അമ്മയുടെ കാത്തിരിപ്പ്"

കാത്തിരിക്കുന്നീ അമ്മയെന്നും
കദനം നിറയും ഹൃത്തുമായി
കടന്നു വരൂ, നീ എൻ മുത്തേ
കരൾ കുളിർക്കും പുഞ്ചിരിയുമായി

നിരന്തരമായി കാതോർക്കുന്നു ഞാൻ
നിദ്രയിൽ പോലും നിന്റെ നാദം
നിനവിലും കനവിലും നിറഞ്ഞു നിൽപ്പൂ
നീ നൽകിയൊരാ കുഞ്ഞു മുത്തങ്ങൾ

പിറന്നു വീണൊരാ നിമിഷം മുതൽ
പുറകിലുണ്ടീ കരങ്ങൾ നിത്യം
പറഞ്ഞറിയിക്കാനാവുമോ കുഞ്ഞേ, ഈ
പതിത തൻ മനസ്സിൻ ദുഃഖം

എൻ നെഞ്ചിലെ ചൂടേറ്റു നീ വളർന്നു
എന്റെ താരാട്ടു കേട്ടു നീ ഉറങ്ങി.
എത്ര നാൾ കഴിഞ്ഞാലും, എൻ ചൈതന്യമേ
എങ്ങനെ മറക്കും ഈ അമ്മ നിന്നെ?

കൊതി തീരെ കണ്ടതില്ല കണ്ണാ, നിൻ
കൊഞ്ചലും, ചിണുങ്ങലും, കുസൃതികളും.
കുഞ്ഞരിപ്പല്ലുകൾ കാട്ടി, പുഞ്ചിരി തൂകി
കൂടെ കളിക്കാൻ ഇനി നീ വരുമോ?

രാഗവും താളവും നീ തന്നെ പൊന്നേ
രാജവീഥികളൊരുക്കുന്നതും നീ താൻ
രാഹുലേ, എൻ പൊന്നു മകനേ
രാപ്പകലില്ലാതെ നിനപ്പൂ നിന്നെ മാത്രം
പതിവായെന്നമീ പാവം അമമ
പടിവാതിൽക്കലായ് കാത്തിരിപ്പൂ
പാരിതിൽ വാഴും ദൈവങ്ങളേ
പാഴായിപ്പോകല്ലേ എൻ അർത്ഥനകൾ

വാതായനങ്ങൾ തുറന്നു ഞാൻ കാത്തിടുന്നു
വഴി തെറ്റി നീ പോയൊരാ നാൾ മുതൽ
വലഞ്ഞു തളരുന്നതെന്തിനു പോന്നേ
വാരിപ്പുണരാൻ ഈ അമ്മയുള്ളപ്പോൾ?

മയങ്ങിടാതോരോ നിമിഷവും ഞാൻ
മനതാരിൽ നിനച്ചിരിപ്പൂ നിന്നെ
മടങ്ങി വരില്ലേ നീയൊരിക്കൽ
മാനസത്തിൻ മണിമുത്തേ, എൻ കുഞ്ഞേ?

കാലമെത്ര കഴിഞ്ഞാലും, നീയെത്ര വളർന്നാലും
കാത്തിരിപ്പെന്നും തുടരും ഈ അമ്മ
കനലെരിയുമീ കരളിന്റെ വേദന
കത്തിജ്വലിക്കും എൻ മരണം വരെ

കാത്തിരിക്കുന്നീ അമ്മയെന്നും
കദനം നിറയും ഹൃത്തുമായി
കടന്നു വരൂ, നീ എൻ മുത്തേ
കരൾ കുളിർക്കും പുഞ്ചിരിയുമായ്.......



കൊച്ചുറാണി ജോസഫ്
(അധ്യാപിക *എച്ച്എസ് വിഭാഗം)*

# BIODIVERSITY PARK







# സമയ ഗണിതം

മനസ്സിൽ  മരിച്ചവർക്ക്
നേരങ്ങളെല്ലാം  ശേഷിപ്പുകൾ
ചുവടുകളാഞ്ഞ് വെച്ചിട്ടും
അളന്ന തീരാതെ
സഹനത്തിന്
ഒരു  പകൽ ഒരു യുഗം
ഇടറില്ല കാലെങ്കിലും
തീരുന്നില്ല ദൂരം
അർത്ഥമില്ലാതെ
മഹാ മൗനത്തെയും നെഞ്ചിലേറ്റി
പണ്ടേയൊരുങ്ങിയ കല്ലറയിലേക്ക്

മനസ്സിൽ ഉയിർത്തവർക്ക്
നേരങ്ങളൊട്ടും തികയാതെ
ഒരു യുഗം ഒരു പകൽ
എത്ര വേഗം തീരുന്ന നേരമെന്ന
പകലിനോളം ചെറുതായ്
സാരവത്തായ്
നെഞ്ചകത്തൊതുക്കി
അത്രമേൽ ലനേർമ്മ
ളുവൽകനം ദൂരമില്ലായ്മ്
കാലവും ദൂരവും കടന്ന്
ഒഴുകി നീങ്ങാം പ്രാണ
ങ്ങൾക്ക്
അനന്തതയോളം

ALAN BIJU , 9D

# HUES FROM CLUES

Here is an interesting puzzle. Alna Afna Athul and sruthy are friends and they are neighbors too. The colour's of their houses are blue green and red – not in that order, of course . There are only three houses on that side of the road. There is also a temple at the end of the road. Can you figure out the colour of each one's house with the given clues?

## CLUES

Athul's house is next to the temple.
Afna's house is east of the green house.
The blue house is not in the centre.

## Answer

Sruthy's house is green in colour's
Afna's house is red colour's
Athul's house is blue

## Explanation

It is given that Athul's house is next to the temple, it is the third house on the road. As the Afna's house is east of the green house. It is the second house. So we conclude that sruthy's house is the first one and is green in colour. It is also given the blue house isn't in the centre. So it is the third house and that's Athul's. Therefore, Afna's house is red in colour and in the middle.

EDWIN JOSEPH

## മഴമുഴക്കങ്ങൾ

നാളത്തെ മഴ ഈ ഇടിമുഴക്കങ്ങളിൽ നിന്ന്
എനിക്കറിയാൻ കഴിയുന്നില്ല.
സ്നേഹം ശാന്തമായൊഴുകുന്ന പുഴയെങ്കിൽ
പിണക്കം പുഴയിലലിയുന്ന മഴയെങ്കിൽ
നിന്നെ ഞാനറിയുന്നത്
സമുദ്രമായാണെങ്കിൽ
നീയൊരു മഴയാവൂ..... ഞാൻ ഇലകളായിലെങ്കിലും
ഒരു മൺകടുക്കയിൽ വിഷവും
മറ്റൊന്നിൽ ചിതാഭസ്മവും
പ്രണയ പുസ്തകത്താളിൽ
ഒരിക്കലും ഇരട്ടിക്കാത്ത മയിൽപ്പീലിയും
ഇനി നമ്മളേതു വഴിക്കെങ്ങനെ
ഹൃദയം കോത്തിപ്പറിച്ച കഴുകന്
നാളേയ്ക്കൊന്നൊണ്ടാവുന്നു.
എന്തിനാണെന്റെ കരൾ
നാളെ നിനക്കുകൊത്തിപ്പറിക്കാൻ
നിന്റെ ചോറിലൊരിക്കലും വേവാത്ത കല്ലായ്
നിന്റെ മധുരങ്ങളിലൊരിക്കൽ
പടർന്നൊരുപ്പായ്
നിന്റെയോർമ്മകളിലവശേഷിച്ച കയ്പ്പായ്
നീ................. ഞാൻ................. വാക്കുകളിനി.
നമുക്കെന്തിനായ്
നാളത്തെ മഴ ഈ ഇടിമുഴക്കങ്ങളിൽ നിന്ന്
ഈ മിന്നലിൽ
ഒരു മാത്ര കാണുന്ന
രത്നത്തിളക്കം
ഇരുട്ട് തുടച്ചു മാറ്റുന്നു
നാളെ.......
മഴ............

അനഘ മോൾ റോയി , IX E

## മായുന്ന വസന്തം

അന്നൊരു രാവിൽ വാസന്തി വിടർന്നല്ലോ
അന്നു തന്നെയീ ഞാനും പിറന്നു
ഉത്രാട പൈങ്കിളികൾ ഉല്ലാസം പാടി
പുത്രിയാം എന്റെയീ ജന്മമോർത്ത്

ആരോരുമറിയാതെ ആലോലം പാടി ഞാൻ
ആരോമലായി വളർന്നുവന്നു.
കൊഞ്ചുന്ന മണിവീണയായെൻ ജീവിതം
തുഞ്ചത്തിലെത്തിയതാരറിഞ്ഞു.

കണ്ടിട്ടും കാണാതെ കേട്ടിട്ടും കേൾക്കാതെ
പുലരിയും സന്ധ്യയും വന്നുപൊയി!
ലോകമേ നിൻ രൂപമെന്തെന്നറിയാൻ
കാത്തിരുന്നു യുഗങ്ങളായ് ഞാൻ!

പൂതരാഗം പകർന്നൊഴുകും തേനരുവി-
തിരഞ്ഞുനോക്കി ഞനങ്ങിരിക്കവേ
സ്വപ്നഹാരിയായ് വന്നു നീയെൻ മുന്നിൽ!
സ്വപ്നസൗരഭം തൂകി സ്വന്തം മനസെന്നപോൽ

തുമ്പതൻ തുമ്പിലെ തൂമഞ്ഞ് തുള്ളിയും
അമ്പിളിക്കീറിന്റെ സൗന്ദര്യവും
തുള്ളിക്കളിച്ചതാം നാളുകൾ മായുന്നു
തുച്ഛമായ ജീവിതയാത്രയിൽ!

സൗപർണ്ണസൂനങ്ങൾ സപ്തവർണ്ണങ്ങളാൽ
സൗന്ദര്യപൂർണ്ണമാം പാടികളും
എന്നിലെ മോഹങ്ങൾ ഞെട്ടറ്റുപോയിതാ
എങ്ങോ മറവിയിലാണ്ടുപോയി.

പുൽക്കൊടിത്തുമ്പിലെ മഞ്ഞിൻ കണികകൾ
തൻ കലാ ചാതുര്യം കാട്ടിനിന്നു.
നിന്റേതായി നീകണ്ട താവളമിന്നിതാ
ഗതകാല സ്മൃതിതേടിയലഞ്ഞിട്ട് നിന്നു.

ഹൃദയവിപഞ്ചികയിൽ ഒരായിരം
നവ്യഗാനങ്ങൾ കുറിച്ചിട്ടു നീ
പശ്ചിമവാരിധിയിൽ കുളിച്ച്
സ്വച്ഛമായി വിശ്രമം സ്ഥാനം പൂകുമോ

കത്തുന്ന മനസസ്സിലെ സുന്ദരസ്വപ്നങ്ങൾ
മൂകമാം ഭാഷയിൽ മാത്രം ചോദിച്ചു നീ
ഉത്തുംഗ ശൃംഭത്തിലെത്തിയിട്ടും
ഉത്തരമരുളാൻ കഴിഞ്ഞില്ലെനിക്ക്

പിരിയുവാൻ സമയമായ് വേദയിൽ
നേരിടട്ടെ ഭാവിജീവിതത്തിന് ഭാവുകങ്ങൾ
പൂർത്തിയാകാത്ത സമസ്യപോൽ
മിഥ്യയായെൻ ജീവിതം.

"ആത്മബന്ധങ്ങൾ മന്നിലേക്കിടുന്ന ആത്മവേദനമാത്രം........."

അശ്വിൻദേവ് എസ് നമ്പൂതിരി
IX B

## കാവ്യശലകങ്ങൾ

“വേണമെനിക്കു കറുത്തൊരു താജ്മഹൽ വേദനകൾക്ക് അസ്ഥമാടമാവാൻ” - ഒ.എൻ.വി കുറുപ്പ്.

“ഒരു താരകയെ കാണുമ്പോൾ അത് രാവു മറക്കും,പുതുമഴ കാൺകെ വരൾച്ച മറക്കും പാൽച്ചിരി കണ്ടതു മതിയെ മറന്നു സുഖിച്ചേ പോകും പാവം മാനവഹൃദയം” - സുഗതകുമാരി.

“ചിരി മാഞ്ഞുപോയൊരെൻ ചുണ്ടിന്റെ കോണിലൊരു പരിഹാസ മുദ്ര നീ കാണും ഒരു ജീവിതത്തിന്റെ ഒരു സൗഹൃദത്തിന്റെ മുതിമുദ്ര നീയതിൽ കാണും.” - അയ്യപ്പപ്പണിക്കർ.

“ഭോജ്യം കട്ടാൽ മോഷ്ടാവ് രാജ്യം കട്ടാൽ രാജാവ്” - കുഞ്ഞുണ്ണിമാഷ്.

ജോതിഷ് ജോമോൻ
9B

## മകൻ

കുന്നിൻ ചെരുവിലുള്ള ഒരു വീട്ടിലാണ് ഭർത്താവിനോടൊപ്പം അവൾ താമസിച്ചിരുന്നത്.പൂന്തോട്ടവും മതിലും ഗേറ്റുമൊക്കെയുള്ള വലിയ വീട്. ഒരു ദിവസം രാവിലെ ചെരുവിലേക്കുള്ള ജനൽ തുറക്കുമ്പോൾ ദൂരെ നിന്നും വീട്ടിലേക്കുള്ള വഴിയെ അവളുടെ അച്ഛൻ നടന്നു വരുന്നത് അവൾ

കണ്ടു.നിമിഷനേരത്തേക്ക് സന്തോഷം അവളുടെ മനസ്സിൽ പൂക്കട നിവർത്തി.പിന്നെയത് വാടി,നിറം മങ്ങി.

അമ്മയില്ലാതെയുള്ള അച്ഛന്റെ ആദ്യത്തെ വരവാണ്. മുമ്പൊരിക്കൽ ഒരു മഴക്കാലത്താണ് അവരിരുവരും കൂടി ചെറിയ ഒരു കുടക്കീഴിൽ മഴ നനഞ്ഞു വന്നത്.അന്ന് അകത്തേക്കു കയറാതെ അവർ മുറ്റത്തു നിന്നതേയുള്ളൂ . അവളുടെ ഭർത്താവിന്റെ മുഖത്ത് ദേഷ്യം പ്രസരിച്ചിരുന്നു. അമ്മയുടെ കണ്ണുകൾ കരഞ്ഞു കലങ്ങിയിരുന്നു.തകർന്ന ഹൃദയവുമായി ജനലിന്റെ അരികിൽ വന്നു നിന്ന തന്റെ അരികിൽ ഈറനടിച്ച നനഞ്ഞൊരു പായ്ക്കറ്റുവച്ച് അവർ തിരിച്ചുപോയി.

പിന്നെ വേനലുരുകി നിന്ന ഒരു ദിവസം അമ്മ മരിച്ചവാർത്ത വന്നു.പ്രായമായ ഡ്രൈവർ കാറിറക്കി ഒറ്റക്കുപോയി.കൈനിറയെ വാരിയ കദളിപ്പൂക്കൾ കാൽക്കലിട്ട് വണങ്ങുമ്പോൾ ..... ഈശ്വരാ, മനസ്സ് വേദനയുടെ മാത്രം ഒരുൾക്കടലായി.....!

ഇന്ന് വീണ്ടും അച്ഛൻ വരുന്നു.ഇപ്പോൾ ഗേറ്റിനരികിലെത്തിയിട്ടുണ്ടാകും അവൾ മുറിയിൽ നിന്ന് ഉമ്മറത്തേക്ക് ഓടിച്ചെന്നു.അവിടെ അവളുടെ ഭർത്താവ് ആരോടോ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.അവളുടെ പരിഭ്രമം കണ്ട് അയാൾ അവളെ സൂക്ഷിച്ച് നോക്കി.

അവൾ പറഞ്ഞു:

“ ..... അച്ഛൻ .....എന്റെ അച്ഛൻ വരുന്നു..... ഒറ്റക്ക്..... ഒരാളും കൂട്ടില്ലാതെ..... ”

പറഞ്ഞതും അവൾ ഒരു പ്രളയത്തിൽപ്പെട്ടു.

മെൽബിൻ ജോൺ
IX B

കവിത

## സ്വപ്നം

ഓർമ്മകൾക്ക് വീണ്ടും ചിറകുകൾ മുളക്കുന്നു
വീണ്ടും,തളിർക്കുന്നുവോ എൻ മനസ്സിലിന്നു
പൂത്തുലഞ്ഞിരുന്നൊരു ദേവതാരു.
ഇന്നീ തണുത്ത രാത്രിയിലകലും നിന്നു
ഒഴുകിയെത്തുമാ ഗാനത്തിലെൻ
നഷ്ടമായ പാരിജാതത്തിൻ ഗന്ധമുണ്ടോ
സ്വപ്നങ്ങൾ അർത്ഥം മുളക്കുന്ന കുന്നിൽനിന്ന്
താഴ്വരയുടെ ഭംഗി ആസ്വദിക്കുന്നുവോ
അന്നാ തെങ്ങിൻ തലപ്പാവുകൾക്കിടയിലൂടെ
ഞാൻ കണ്ടിരുന്ന പൂർണ്ണിമക്കിത്രയും
കളങ്കമുണ്ടായിരുന്നോ

അന്നു ഞാൻ കണ്ടിരുന്ന സൂര്യാസ്തമനങ്ങൾ-
ക്കിത്രയേറെ ചുവപ്പുണ്ടായിരുന്നുവോ
അന്നു ഞാൻ കേട്ട മഴയുടെ നാദത്തിന്
ഇത്രയേറെ മധുരമുണ്ടായിരുന്നുവോ

അന്ന് നാം ആടിത്തിമിർത്ത കലാല-
യത്തിന് ഇത്ര സ്മൃതി മധുരമോ
ഇതെല്ലാം ഒരു ഓർമ്മ മാത്രമായി
അവശേഷിക്കുന്നുവോ
എകാന്തമാമീരാവിൽ തേങ്ങുമ്പോളെൻ മനസ്സിൽ
ആ ഗാനമൊരു കുളിരായി പടരുന്നുവോ
ഇവിടെയെന്റെ സ്വപ്നങ്ങൾക്ക്
ചിറകുകൾ മുളക്കുന്നു

സ്വപ്നമോ ബാക്കി,സ്വപ്നമോ ബാക്കി.

ജോതിഷ് ജോമോൻ - 9 B

## സർദാർജി മണ്ടനാണോ?

പ്രത്യേക ക്വിസ് പരിപാടിയിൽ പങ്കെടുത്ത സർദാർജിയുടെ പ്രതികരണങ്ങൾ കേൾക്കുക

**1.**നൂറ് വർഷ യുദ്ധം എത്ര വർഷം നീണ്ടുനിന്നു?

a) 116
b)99
c)100
d)160
:സർദാർജി പാസ് പറഞ്ഞു.

**2.**ഏത് മാസത്തിലാണ് റഷ്യക്കാർ ഒക്ടോബർ വിപ്ലവം ആഘോഷിക്കുന്നത്?

a)ജനുവരിയിൽ

b)സെപ്തംബറിൽ

c)ഒക്ടോബറിൽ

d)നവംബറിൽ

:സർദാർജി ഓഡിയൻസിന്റെ സഹായം തേടി.

**3.**പനാമ തൊപ്പികൾ നിർമിക്കുന്ന രാജ്യം ഏത്?

a)ചിലി നീണ്ടുനിന്നു

b) പനാമ

c)ബ്രസീൽ

d)ഇക്വഡോർ

:ഉത്തരം കണ്ടെത്താൻ സർദാർജി കറക്കിക്കുത്തി

**4.** ലെഡ് പെൻസിൽ മുന ഏത് സാധനം കൊണ്ടാണ് ഉണ്ടാക്കുന്നത്?

a)ലെഡ്

b) ടിൻ

c)ഗ്രാഫൈറ്റ്

d)ലിഥിയം

:സർദാർജി പാസ് പറഞ്ഞു.

**5.**ഇംഗ്ലണ്ടിലെ ജോർജ് ആറാമൻ രാജാവിന്റെ ആദ്യ പേരെന്ത്?

a)ജോർജ്

b)ആർതർ

c)ആൽബർട്ട്

d)അലക്സാണ്ടർ

:സർദാർജി വീണ്ടും ഓഡിയൻസിന്റെ സഹായം തേടി.

**6.**മുപ്പത് വർഷ യുദ്ധം എത്ര വർഷം നീണ്ടുനിന്നു?

a) 25
b)30
c)35
d)40

:വളരെ നേരം ആലോചിച്ച ശേഷം രണ്ടും കൽപ്പിച്ച് സർദാർജി പറഞ്ഞു

-30

സർദാർജിയുടെ പ്രതികരണത്തിൽ അനുകമ്പ തോന്നിയ നിങ്ങൾ ചിരിച്ചിച്ചെങ്കിൽ താഴെ കാണുന്നതുകൂടി വായിക്കുക

**1.**ഇംഗ്ളണ്ടും ഫ്രാൻസും തമ്മിൽ നടത്തിയ നൂറ് വർഷ യുദ്ധം 116 വർഷം നീണ്ടുനിന്നു.

**2.** റഷ്യൻ കലണ്ടറിലെ പഴയ ഒക്ടോബർ 24,25 തീയതികൾ പിന്നീട് നവംബർ 6,7 ആയി മാറി. അതിനാൽ ആഘോഷം നവംബറിൽ.

**3.**തെക്കേ അമേരിക്കയിലെ ഒരുതരം ചെടിയുടെ ഇലകൾ നെയ്തുണ്ടാക്കുന്ന പനാമ തൊപ്പികൾ നിർമിക്കുന്നത് ഇക്വഡോറിലാണ്.

4.പെൻസിൽ മുനയിൽ ഗ്രാഫൈറ്റ് ആണുള്ളത്.

5.ശരിയുത്തരം ആൽബർട്ട്.അക്കാലത്ത് ജീവിച്ചിരുന്ന അദ്ധേഹത്തിന്റെ പേര്
ആൽബർട്ട് ഫ്രഡറിക് ആർതർ ജോർജ് എന്നാണ്.

6. 30 തന്നെയാണ് ശരിയുത്തരം.

ഇപ്പോൾ എന്ത് തോന്നുന്നു.
മണ്ടൻ സർദാർജിയോ അതോ......

റോസ്മരിയ അലക്സ്
IX B

# എൻ സൗഹൃദം

എൻ ജീവിത പ്രയാണത്തിൽ
ഞാൻ കണ്ടുമുട്ടി,
മാനിയാം എൻ സുഹൃത്തിനെ.
ഞങ്ങൾ  പരസ്പരം
സംവേദനം ചെയ്തു
ഞങ്ങൾതൻ ഹൃദയങ്ങൾ
നമ്മൾ നവമൊരു സൗഹൃദം
ആരംഭിച്ചപ്പോൾ സ്ഥായിഭാവം
മാറി നമ്മളിയറിയാതെ.
ദൈന്യങ്ങളെല്ലാം മാറി
നിവൃതിയായി
സ്തോഭം പലതും മുഖത്തുകണ്ടു.
കരാഗരം എന്നു ഞാൻ കരുതിയ
എൻ വിദ്യാലയം, അവൾ
സ്വർഗ്ഗമാക്കി.
നിൻ ബഹിരന്തശോഭ പരത്തിയ
സൗരഭം നിറയുന്ന നമ്മൾതൻ
വിദ്യാലയത്തിൽ.
ഞാനൊന്ന് തേങ്ങുമ്പോൾ
ആശ്വസിപ്പിച്ചീടും
ജീവിതം മാറ്റീടും എൻ സുഹൃത്ത്
മരന്ദം തുളുമ്പുന്ന നിൻ
തുമൊഴികൾ എനിക്കഭിമിതം
ശ്രോതപ്രേയമാം നിൻ ആരവം
എൻ നിർവൃതിയും.
വിയത്തിൽ നാം കണ്ട
താരകംപോലെ
എണ്ണമറ്റതാണ് നിന്റെ ശോഭ.
ദിനവും ഞാൻ കാണാൻ
ആഗ്രഹിക്കും നിൻ മുഖം
കാരണം അതെൻ ഊർജമല്ലോ?
എൻ ഉയിരിന്റെ സ്പന്ദനം
നിൽക്കും നാൾ വരെ ഞാൻ
നിന്നെ കാണൻ ആഗ്രഹിക്കും.

ആൻലിയ എസ്. കെ
IX D

## ഒരു കേരള പിറവി

**രാ**വിലെ തന്നെ എണീറ്റ് ഓടിച്ചെന്ന് പത്രമെടുത്തു.ആദ്യം കണ്ട വാർത്ത മിന്നുവിന് ആവശ്യമുള്ളയായിരുന്നു. കേരളപ്പിറവിയെ- ക്കുറിച്ച്. പത്രവുമായി അവൾ അടുക്കളയിലേക്കോടി. തന്നെക്കാൾ നേരത്തെ എണീറ്റ് അടുക്കളയിൽ ജോലി തുടങ്ങിയിരിക്കുന്ന അമ്മ. ഉടനെ തന്നെ അമ്മയുടെ ചോദ്യം: "എന്താ മിന്നു? എന്താ ഇന്നിത്ര നേരത്തെ ഉണർന്നത്?" അവൾ ഒന്നും മിണ്ടാതെ അമ്മയുടെ കൈയ്യിൽ പിടിച്ച് "കേരളപ്പിറവി ആശംസകൾ" എന്ന് പറഞ്ഞു.അപ്പോഴാണ് അമ്മപോലും അതിനെക്കുറിച്ചോർക്കുന്നത്.

അമ്മ അവൾക്കും ആശംസകൾ നൽകി."അമ്മേ ഞങ്ങളോട് ഞങ്ങളുടെ ടീച്ചർ പറഞ്ഞു, ഇന്ന് കേരളപ്പിറവിയായതുകൊണ്ട് ന-വകേരള സൃഷ്ടി എന്ന വിഷയത്തിന് കഥയോ, കവിതയയോ, കുറിപ്പുകളോ എഴുതാൻ. അമ്മേ നവകേരള സൃഷ്ടി എന്നാലെന്താ?പുതിയ കേരളത്തിന്റെ ജന്മം,അമ്മെ അതിനെക്കുറിച്ച്എനിക്കു കഥ പറഞ്ഞുതരുമോ?" "ഉം ഇവിടെനിന്നു പറഞ്ഞുതരാം അമ്മക്കൊരുപാട് ജോലിയുണ്ട്. മോളുപോയി പേനയും, ബുക്കും, ഒരു കസേരയും എടുത്തോണ്ട് വാ".അവൾ ഓടിച്ചെന്ന് എല്ലാം എടുത്തുകൊണ്ടുവന്നു."അമ്മേ പറ" എന്ന് പറഞ്ഞുകൊണ്ടു അവൾ കസേരയിൽ ഇരുന്നു. അമ്മ പറയാൻ തുടങ്ങി."ആദ്യം നവകേരള സൃഷ്ടി നമുക്കെങ്ങനെ ചെയ്യാൻ സാധിക്കും എന്നതിനെക്കുറിച്ച് പറഞ്ഞുതരാം'.ഉം മിന്നു മൂളി. അമ്മ പറയാൻ തുടങ്ങിയതും പുറത്തു

നിന്ന് മിന്നൂ എന്നൊരു വിളി. അവൾ ഓടിച്ചെന്നു നോക്കി. അവളുടെ ഉറ്റ സുഹൃത്ത് മാളു വന്നു നിൽക്കുന്നു. "എന്താ മാളു?" മിന്നു ചോദിച്ചു. "മിന്നു നീ ടീച്ചറു പറഞ്ഞതുപോലെ കഥയോ കവിതയോ എഴുതിയോ?" "ഇല്ല മാളു ഞാൻ എഴുതാൻ തുടങ്ങുകയായിരുന്നു. അമ്മ എനിക്ക് പറഞ്ഞു തരാമെന്ന് പറഞ്ഞു. നീ എഴുതിയോ?" മിന്നു ചോദിച്ചു. "ഇല്ല എനിക്കാരും പറഞ്ഞുതന്നില്ല. അമ്മയോടു ചോദിച്ചപ്പോൾ അറിയില്ലെന്ന് പറഞ്ഞു.

അച്ഛനോട് ചോദിച്ചപ്പോൾ ഇതേ മറുപടി തന്നെ കിട്ടി." "നിനക്ക് ചേച്ചിയോട് ചോദിച്ചൂടെ?" മിന്നു മാളുവിനോട് ചോദിച്ചു. "ഞാൻ ചോദിച്ചതാ പക്ഷെ ചേച്ചി പറഞ്ഞു തന്നില്ല". അടുക്കളയിൽ നിന്ന് ഇതെല്ലാം കേട്ടുകണ്ടുനിന്ന മിന്നുവിന്റെ അമ്മ പറഞ്ഞു : "ഇങ്ങുവാ നിങ്ങൾക്കു രണ്ടാൾക്കൾക്കും ഞാൻ കഥ പറഞ്ഞുതരാം" "ശരി അമ്മേ ഇതാവരുന്നു". "മാളു കേറിവാ".മാളുവും മിന്നുവും അടുക്കളയിൽ ചെന്നു. മാളുവിന് ഇരിക്കൻ മിന്നു കസേര നൽകി. രണ്ടുപേർക്കും അമ്മ ചായയും നൽകി. "ഏഴുമണിയായി എട്ടരക്ക് സ്കൂളിൽ പോകേണ്ടതല്ലെ. വാ വേഗം പറയാം. കുറിപ്പ് പറഞ്ഞു തരട്ടെ" "കുറിപ്പോ?" മാളു ചോദിച്ചു. ഹാ! കുറിപ്പ്. ശരി ,രണ്ടാളും ശരിവച്ചു. അമ്മ പറഞ്ഞുതുടങ്ങി: "നമുക്കു തന്നിരിക്കുന്ന വിഷയത്തെ പറ്റി കുറച്ചു പോയിന്റുകൾ പറയാം"."ശരി!" രണ്ടാളും തല കുലുക്കി. "ഒന്ന് ജലപ്ര-ളയത്തിൽ വീടും കൃഷിയും നശിച്ചവരെ സഹായിച്ചു കൊണ്ട് പുതിയ കേരളത്തെ നമുക്ക് വാർത്തെടുക്കാം". "അവരെ നമ്മളെങ്ങനാ സഹായിക്കുന്നത്?"മിന്നു ചോദിച്ചു .അമ്മ പറഞ്ഞു:"മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് പൈസ നൽകികൊണ്ട് നമുക്ക് അവരെ സഹായിക്കാം." "എങ്ങനെയാ ആന്റി പ്രളയം ഉണ്ടാകുന്നത്?" മാളുവാണ് ചോദിച്ചത്. "ഈ പ്രള-മുണ്ടാകനുള്ള കാരണക്കാർ നമ്മളാണെന്നു തന്നെ പറയാം. നമ്മൾ പ്രകൃതിയോട് ചെയ്യുന്ന ക്രൂരതക്ക് പ്രകൃതി മനുഷ്യനു നൽകുന്ന ശിക്ഷയാണ് ഈ പ്രളയമൊക്കെ. ഉദാഹരണത്തിന് മിന്നു മാളുവിനെ അടിച്ചാൽ തിരിച്ചടിക്കുകയില്ലേ അതുപോലെ മനസ്സിലായോ?". "ഉം" അവർ തലകുലുക്കി. "പിന്നെ പ്ലാസ്റ്റിക് ഉപയോഗങ്ങൾ നിർത്തണം.പ്ലാസ്റ്റിക്കുകളുടെ അമിതയുപയോഗം നിർത്തണം". പെട്ടെന്ന് മാലു പറഞ്ഞു: "ആന്റി ഞങ്ങടെ സ്കൂളിലും പ്ലാസ്റ്റിക് നിരോധിച്ചു." മിന്നുവിന്റെ അമ്മ: "ഉം മിന്നു പറഞ്ഞിരുന്നു" ഇനി പുതിയ മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കണം. അതിലൂടെ മനുഷ്യർക്കു ശുദ്ധവായു ശ്വസിക്കാൻ കഴിയുന്നു. ഇവയിലൂടെ നമുക്ക് പുതിയ കേരളത്തെ വാർത്തെടുക്കാൻ സാധിക്കുന്നു. ഞാൻ പറഞ്ഞ കാര്യങ്ങൾ എഴുതിയെടുത്തോ?" "ഉം" രണ്ടുപേരും മൂളി. "ഇനി ഈ കാര്യങ്ങളെല്ലാം

ചേർത്ത് ഒരുകുറിപ്പ് തയ്യാറിക്കികൊണ്ടുവാ നിങ്ങളുടെ ആശയങ്ങളും ചേർക്കണം". രണ്ടുപേരും കുറിപ്പ് തയ്യാറാക്കി മിന്നുവിന്റെ അമ്മക്കു നൽകി. അമ്മ അതു വായിച്ചതി
നശേഷം ഉം കൊള്ളാം എന്ന് പറഞ്ഞു. സമയം ഏഴര കഴിഞ്ഞു മാളു വീട്ടിൽ പോയി ഭക്ഷണം കഴിച്ചൊരുങ്ങ്. മാളു വരുമ്പോഴേ-
ക്കും മിന്നുവും പോയി ഒരുങ്ങ്. എട്ടരയായപ്പോൾ മിന്നുവും മാളുവും അവരുടെ അച്ഛനോടും അമ്മയോടും യാത്ര പറഞ്ഞ് സ്കൂളിലേക്ക് പോയി. അവരുടെ സ്കൂളിലും കേരളപ്പിറവി ആഘോഷം ഉണ്ടായി-
രുന്നു.

ക്ലാരാ മോൾ ജോസഫ്
VIII F



## കുളക്കോഴിയുടെ കഥ

**ഒ**രു കടൽക്കരയിൽ ഒരു കുളക്കോഴിയും അവന്റെ ഭാര്യയും വസിച്ചിരുന്നു. കുറേ കാലം കഴിഞ്ഞപ്പോൾ കുളക്കോഴിയുടെ ഭാര്യക്ക് മുട്ടയിടാറായി. അവൾ തന്റെ പ്രിയതമനോട് പറഞ്ഞു "എനിക്ക് മുട്ടയിടാൻ പറ്റിയ ഒരു സ്ഥലം കണ്ടു വയ്ക്കുക". കുളക്കോഴി പറഞ്ഞു "എന്തിനാണ് ഭാര്യേ വെറുതെ പുതിയ സ്ഥലം കണ്ടുപിടിച്ചു സമയം കളയുന്നു. വിശാലമായ സമുദ്രതീരം നമുക്കുവേണ്ടിയല്ലേ പരന്നുകിടക്കുന്നത്." "അയ്യോ, അത് പറ്റില്ല. വെള്ളത്തവാവായാൽ കടൽജലമെല്ലാം കരയാലേക്കടിച്ചുകേറും. അപ്പോൾ നമ്മുടെ കുഞ്ഞുങ്ങളെല്ലാം ഒലിച്ചുപോകും. നമക്ക് സുരക്ഷിതമായ ഒരു സ്ഥലം അന്വേഷിച്ചു കണ്ടുപിടിക്കാം." "എനിക്കൊന്നും വയ്യ, നീയെന്തിനിത്ര ഭീരുവാകുന്നു. സമുദ്രം നമുക്കെതിരെ ഒന്നും ചെയ്യില്ല. കാരണം ഈ കാണുന്ന സമുദ്രം നമുക്ക് പരിചിതമല്ലേ. എനിക്കിതിനൊന്നും വയ്യ, നീയെന്തിനിത്ര ഭീരുവാകുന്നു." കുളക്കോഴി സമുദ്രത്തീരത്ത് മുട്ടയിട്ടു. വെള്ളത്തവാവ് ദിവസം വേലിയേറ്റ സമയത്ത് മുട്ടകളെല്ലാം ഒലിച്ചുപോയി. അതുകൊണ്ട് പെൺകോഴി പറഞ്ഞു: " വിഡ്ഢി, ഞാൻ പറഞ്ഞില്ലേ കടലിൽ വേലിയേറ്റമുണ്ടാകുമ്പോൾ നമ്മുടെ കുഞ്ഞുങ്ങൾ നശിച്ചു പോകുമെന്ന്, നിങ്ങളുടെ അഹങ്കാരവും വിഡ്ഢിത്തവും ഒന്നു കൊണ്ടുമാത്രമാണിതു സംഭവിച്ചത്. നിങ്ങൾ ഈ കാണുന്നത് മാത്രമാണ് സമുദ്രമെന്ന് വിചാരിച്ചു."

"നല്ലതു പറയുമ്പോൾ കേട്ടില്ലെങ്കിൽ ആമ വടിയിൽനിന്ന് വീണ് ചത്തതുപോലാകും'

ഫെബിൻ ടോമി

9B

## കാറ്റും കുരങ്ങനും

ഒരിടത്ത് മഹാവികൃതിയായ ഒരു കുരങ്ങനുണ്ടായിരുന്നു. കിക്കു എന്നാണവന്റെ പേര്. ആരെ കണ്ടാലും കിക്കു കളിയാക്കും.

ഒരു ദിവസം രാവിലെ പിക്കു മുയൽ ക്യാരറ്റ് തിന്നാൻ കിട്ടുമോ എന്നു നോക്കി പതുക്കെ നടന്ന് വരുകയായിരുന്നു. മരക്കൊമ്പിലിരുന്ന കിക്കു അപ്പോഴാണ് അവനെ കണ്ടത്. ഈ മുയലിനെ കളിയാക്കി വിടാം;കിക്കു വിചാരിച്ചു. എന്നിട്ട് ഉറക്കെ പാടി;

"ചാടി ചാടി നടക്കും നീളൻ
ചെവിയാാാ, മുയലച്ചാ,
മരത്തിലിങ്ങനെ കേറീടാൻ
ഒരിക്കലെങ്കിലും ആകുമോ?"

അതുകേട്ട് മരത്തിലിരുന്ന കുരങ്ങന്മാരൊക്കെ ചിരി തുടങ്ങി. പിക്കുവിന് അത് സഹിക്കാനായില്ല.

ഇതൊക്കെ ഒരാൾ കാണുന്നുണ്ടായിരുന്നു. അതുവഴി വന്ന കാറ്റാണവൻ. കാറ്റമ്മാവൻ കിക്കുവിന്റെ നേരെ കാറ്റ് ശക്തിയായി വീശി.

പാവം കിക്കു മരത്തിൽ നിന്നും പ്ധും എന്ന് താഴെ വീണു. അതിൽപ്പിന്നെ അവൻ ആരെയും കളിയാക്കിയിട്ടില്ല.

ആതിര കുഞ്ഞുമോൻ

## കുസൃതി കണക്കുകൾ

എട്ടുതവണ 8 ആവർത്തിച്ചെഴുതി തുക കണ്ടാൽ 1000 കിട്ടും
എട്ടുകൾ എങ്ങനെ എഴുതണം?

ഉത്തരം:

```
   8 +
   8
   8
  88
 888
----
1000
```

കൊള്ളാം നല്ല രസം അല്ലേ 37 ഉം 3 ഉം കൂടിയുള്ള കളി

1. 37x3=111
2. 37x6=222
3. 37x9=333
4. 37x12=444
5. 37x15=555
6. 37x18=666
7. 37x21=777
8. 37x24=888
9. 37x27=999

ഞാനാരാണെന്ന് പറയാമോ?
ആയിരം എന്നിൽ 9 ആണ്
നൂറുകൾ എന്നിൽ 5 ആണ്
പത്തുകൾ എന്നിൽ 7 ആണ്
ഒന്നുകൾ എന്നിൽ 6 ആണ്
ഉത്തരം :9576

ആയിരം എന്നിൽ 8 ആണ്
നൂറുകൾ എന്നിൽ 5 ആണ്
പത്തുകൾ എന്നിൽ 6 ആണ്
ഒന്നുകൾ എന്നിൽ 9 ആണ്

ഞാനാരാണെന്ന് പറയാമോ?
ഉത്തരം :8569

ആയിരം എന്നിൽ 4 ആണ്
നൂറുകൾ എന്നിൽ 7 ആണ്
പത്തുകൾ എന്നിൽ 9 ആണ്
ഒന്നുകൾ എന്നിൽ 5 ആണ്
ഞാനാരാണെന്ന് പറയാമോ?
ഉത്തരം :4795

അശ്വിൻദേവ് എസ് നമ്പൂതിരി
IX B

കവിത

# അതിജീവനത്തിന്റെ നാളുകൾ

കലിതുള്ളി വന്നൊരു പ്രളയം
കവർന്നെടുത്തു പെരുമയുടെ
മലയാള മണ്ണിന്റ ജീവനെ.
തകർത്തെറിഞ്ഞു അവൾ പ്രകൃതി
ജീവനുകൾ, ജീവനുകൾ ആയിരക്കണക്കിന്
ഞെരിഞ്ഞമർന്നു സ്വപ്നങ്ങൾ.
പലവക ,ചോദ്യങ്ങളുയരുന്നു
ഇനിയെന്ത്? ഇനിയെന്ന്?
പടുത്തുയർക്കാം, നവകേരളം
നമുക്ക് ഒന്നായ്, ഒരൊറ്റ
ചങ്കായ് ചോരയായ്
ഒരുമിക്കാം......!

നന്ദന സാബു
X D

# നന്ദിപൂർവ്വം ഒരു വാക്ക്

ഇരട്ടയാറിന്റെ തിലകക്കുറിയായ് നിലക്കൊള്ളുന്ന സെന്റ് തോമസ് ഹയർ സെക്കന്ററി സ്കൂൾ, വിവര സാങ്കേതിക വിദ്യയുടെ കൊടുമുടിയിൽ എത്തി നിൽക്കുന്ന സ്കൂൾ, ഈ സ്ഥാപനത്തിന്റെ ഉന്നതിക്കുവേണ്ടി അക്ഷീണം യത്നിക്കുന്ന ബഹു. മാനേജർ വെരി. റവ. ഫാ. മാത്യു തറമുട്ടം. സെന്റ് തോമസിന്റെ ഹൃദയത്തുടിപ്പുകൾ മനസ്സിൽ ഏറ്റുവാങ്ങിയ ഞങ്ങളുടെ ഹെഡ്മാസ്റ്റർ ശ്രീ. എം . വി. ജോ നന്ദിയുടെ ഒരു വാക്ക്

ർജ്ജ്കുട്ടി സാർ. തളരാത്ത മനസ്സും കഠിനാധ്വാനവും കൈമുതലായുള്ള ബഹുമാനപ്പെട്ട അധ്യാപകർ, അനധ്യാപകർ ഞങ്ങളുടെ സ്കൂളിന്റെ താങ്ങും തണലുമായ പി.റ്റി.എ അംഗങ്ങൾ, കുട്ടികളുടെ മാതാപിതാക്കൾ, ഞങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ, ഈ മാഗസിൻ നിർമ്മാണത്തിൽ സഹായിച്ച കുട്ടികൾ പ്രത്യേകിച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഓരോരുത്തർക്കും നന്ദി ...........

സ്നേഹപൂർവ്വം




സെലിൻ ജോസഫ്

(ലിറ്റിൽ കൈറ്റ് മിസ്ട്രസ്)